# ഉദയം

## ആഴ്ചപ്പതിപ്പ്

പുസ്തകം 1.    1947 നവംബർ 29 ശനിയാഴ്ച    ലക്കം 5

### ഈ ലക്കത്തിൽ


* നമ്മുടെ രാജ്യരക്ഷയും വിദേശനയവും
—കെ.

* പട്ടം താണുപിള്ള (തൂലികാചിത്രം)
—പൂജപ്പുര കൃഷ്ണൻനായർ

* മനമില്ലാഡോക്ടർ (വിനോദനാടകം)
—എം. പി. പോൾ എം. എ.

* സ്റ്റാലിനിസത്തിലേക്ക്
—എം. പി. മേനോൻ

* ടെക്സ്റ്റൈൽ മില്ലുകൾ പൂട്ടിയിടുന്നു
—വ്യവസായകാര്യലേഖകൻ

* മലബാർ കത്ത്
—സ്വന്തം പ്രതിനിധി

* വികൃതിക്കുട്ടൻ (ചെറുകഥ)
—ഗോപി

* കൊച്ചിയിലെ തൊഴിലാളിപ്രസ്ഥാനം ആപത്തിൽ
—എസ്സ്.


MG: EDITOR: M.R. KRISHNANUNNI

3

# നമ്മുടെ രാജ്യരക്ഷയും വിദേശനയവും

**അവശ്യം വേണ്ടതും സർവ്വതോമുഖവുമായ സൈന്യവിപുലീകരണവും പരിശീലനങ്ങളും നമ്മുടെ സമ്പൽസ്സമൃദ്ധിയേയും ഗവർമ്മെണ്ടു നയങ്ങളേയും അടിസ്ഥാനമാക്കിയാണ് ഇരിക്കുന്നതു്. കൂടുതൽ കൂടുതൽ കരം പണക്കാരിൽനിന്നും ഈടാക്കുന്നതും, സകലക്കും പണികൊടുക്കുന്നതും, സകലരേയും കൂടുതൽ കൂടുതൽ ജോലി ചെയ്യിപ്പിക്കുന്നതുമായ ഒരു രാഷ്ട്രനിർമ്മാണ പദ്ധതിയാണു് ഇതിനെല്ലാം വേണ്ടി നമ്മുടെ ഇന്ത്യാഗവർമ്മെണ്ടു ഉടൻ ചെയ്യേണ്ടതു്.**

സ്വാതന്ത്ര്യമായ ഒരു രാഷ്ട്രത്തിനു മാത്രമേ സ്വന്തമായ രാജ്യരക്ഷാനയവും വിദേശനയവും ആവശ്യമുള്ളു. ആഗസ്റ്റ് 15-ാംതീയതിക്കു മുമ്പുവരെ ഇന്ത്യയുടെവിദേശനയവുംരാജ്യരക്ഷയും ബ്രിട്ടന്റേതായിരുന്നു. ഇപ്പോൾ അവ നമ്മുടെ അടിയന്തിരമായ ആവശ്യമാണു്.

മററു് എല്ലാ രാഷ്ട്രങ്ങളെയും പോലെഅതിവേഗത്തിൽ മൂന്നാം ലോകമഹായുദ്ധത്തിലേയ്ക്കുള്ള വഴിയിലാണു് ഇന്ത്യയും. വിവേകത്തോടും ദീർഘദർശിത്വത്തോടും നാം സമ്മതിയ്ക്കുക. കരുതി പ്രവർത്തിക്കുക: പത്തുകൊല്ലത്തിനകം മൂന്നാമത്തെ ഭയങ്കരയുദ്ധം വരുന്നതാണു്. അതിലെ കക്ഷികൾ റഷ്യയും അമേരിയ്ക്കയും തന്നെ. ആ ചക്രവാതകാററിൽ എല്ലാ രാഷ്ട്രങ്ങളേയുംപോലെ ഇന്ത്യയും അകപ്പെട്ടും. അതിലേയ്ക്കു ഒരുങ്ങുക മാത്രമേ നമ്മൾ ചെയ്യേണ്ടതുള്ളു.

പണ്ടത്തേപ്പോലെ,പട്ടാളക്കാർ മാത്രമല്ല യുദ്ധം ചെയ്യുന്നതു്; യുദ്ധത്തിൽ മരിയ്ക്കുന്നതു്. നാട്ടുകാർ സമ്പൂർണ്ണമായി അതിൽ ഏർപ്പെടുന്നു. അവസാനവിജയം ആയുധങ്ങളുടെ മൂർച്ചയിലല്ല, രാഷ്ട്രത്തിന്റെ നയതന്ത്രമായ വൈദഗ്ദ്ധ്യത്തിലല്ല, നാട്ടുകാരുടെ മനോവീര്യത്തിലും, ആത്മാർത്ഥതയിലും സന്നദ്ധതയിലുമാണു് ഇരിയ്ക്കുന്നതു്. ഇവയുടെ കുറവുകൊണ്ടാണു് 1939ൽ ഫ്രാൻസ് മൂന്നാഴ്ചകൊണ്ടുവീണുപോയതു്. ഈ ഗുണങ്ങൾ നാട്ടുകാർക്കുള്ളതു കൊണ്ടാണു്, റഷ്യാക്കാർ മൂന്നുകൊല്ലം എതിർത്തുനിന്നു വിജയിച്ചതു്. അതിനാൽ പട്ടാളക്കാരെമാത്രമല്ല, നാട്ടുകാരെ മുഴുവനും ആയുധസമരത്തിൽ പരിശീലനം കൊടുക്കണം. കൂടാതെ ബുദ്ധിപൂർവം ലാഭകരമായതും പുരോഗമന പരമായതുമായ ഒരു വിദേശനയം അത്യാവശ്യമാണു്. സമരത്തിന്റെ ജയാപജയങ്ങളുടെ അടിസ്ഥാനം മൂർച്ചയുള്ള ആയുധങ്ങളും നാട്ടുകാരുടെ സഹകരണശക്തിയുംമാത്രമല്ല. രാജ്യത്തിന്റെ വിദേശനയതന്ത്രങ്ങളുംകൂടിയാണല്ലൊ. രണ്ടാം യുദ്ധത്തോടെ രാജ്യരക്ഷയും വിദേശനയകാര്യങ്ങളും ഓരോപൗരനും മനസ്സിലാക്കേണ്ടിയിരിയ്ക്കുന്നു. എന്തെന്നാൽ നാൽ എല്ലാവരെയും സംബന്ധിക്കുന്നതു്, എല്ലാപേരും കൂടിയാണു് തീർച്ചപ്പെടുത്തേണ്ടതു്. അതാണു ജനാധിപത്യത്തിന്റെ ആദ്യത്തെ ആദർശം

ഒരു രാഷ്ട്രത്തിന്റെ വിദേശനയംരൂപവൽക്കരിക്കുന്നതു് വളരെ കുഴഞ്ഞുമറിഞ്ഞുകിടക്കുന്ന 3 കാര്യങ്ങളിൽ നിന്നാണു്. 1 അപ്പോഴപ്പോൾ ഉണ്ടാകുന്ന പരിതസ്ഥിതികളുടെ ആവശ്യങ്ങൾ. 2 നമ്മുടെയും ചുററുമുള്ള രാജ്യങ്ങളുടെയും ശത്രുരാജ്യങ്ങളുടെയും ആവശ്യങ്ങൾ അത്യാഗ്രഹങ്ങൾ.

3. നമ്മുടെ രാഷ്ട്രീയവും അന്തരാഷ്ട്രീയവുമായ കർത്തവ്യങ്ങൾ സന്ധിബന്ധങ്ങൾ.

## സദാപി സന്നദ്ധമായി

യുദ്ധം പെട്ടന്നപൊട്ടിപുറപ്പെടുന്ന ഒരു പ്രകൃതി പ്രതിഭാസമല്ല അതിനുമതിയായ കാരണങ്ങൾ വേണം അതിലും പ്രധാനമായി "സമയം" ആവശ്യമുണ്ട് ആ "നോട്ടീസ് സമയത്തു്" നമ്മൾ ഒരുങ്ങുകയേവേണ്ടു- സമയം ആകാത്തതുകൊണ്ടാണ് അമേരിയ്ക്കയും റഷ്യയുംഅങ്ങേയററംവൈരംവച്ചുകൊണ്ടുയൂറോപ്പിനെ രണ്ടു ചേരികളായി പകുത്തു് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർ പരസ്പരം ഏററുമുട്ടാത്തതു്.

കൂടാതെ ഒരുപക്ഷെ അന്ത്യാംപത്തി, പ്രവർത്തനങ്ങൾക്കു കുപ്രസിദ്ധരായ ഇംഗ്ലീഷുകാർ ഇന്ത്യ വിടുമ്പോൾ, ജിന്നാ സാഹിബിന്റെ ഭരണം നില്ക്കുവാനിടയുണ്ടു്. അപ്പോൾ പാക്കിസ്ഥാനും ഇന്ത്യയുംഒരു ഫെഡറൽ ബന്ധം സ്ഥാപിക്കുമെന്നുള്ളതുതീർച്ചയാണു എന്തെന്നാൽ വിഭജനം മൂന്നാമത്തെ കക്ഷികാരണം ഉണ്ടായതു് സ്ഥാപിതതാൽപര്യക്കാർ വരുത്തിവച്ചതും, പ്രകൃതി വിരുദ്ധവുമാണല്ലോ.

## ഉടൻചെയ്യേണ്ടതു്

എതായാലും തൽക്കാലം പാക്കിസ്ഥാൻ ശത്രുരാജ്യമായി ഏതു നിമിഷവും ആയിതീരാം എന്ന നിലയിൽ നാം ഒരുങ്ങുകയേ വേണ്ടു.

അതിനാൽ വ്യോമസൈന്യം ഉടൻ വർദ്ധിപ്പിക്കണം. 300 മൈലിൽ കൂടുതൽ കടൽകരയെ നാം പരിരക്ഷിക്കേണ്ടിയിരിക്കുന്നു. നാം ഇന്നു ഒരു ഒമ്പതാം നമ്പർ നാവികശക്തിപോലും ഇല്ലാത്തവരാണു—മുഗൾസാമ്രാജ്യകാലത്തു ഒരു നാവികസൈന്യം ഇന്ത്യയ്ക്കുണ്ടായിരുന്നു എങ്കിൽ വിദേശാധിപത്യം എന്ന സ്ഥിതി ഇവിടെ വരില്ലായിരുന്നു എന്നുള്ള ചരിത്രതത്വം നാം ഒരിക്കലും മറക്കരുതല്ലോ.

പടിഞ്ഞാറെ പാക്കിസ്ഥാനെക്കുറിച്ചു അല്പവും ഭയപ്പെടണ്ട. എങ്കിലും ബർമ്മയുമായി, ആസാമിന്റെ രക്ഷയ്ക്കുവേണ്ടി ഒരാക്രമണ സന്ധിയിൽ ഇൻഡ്യ ഏർപ്പെടുകയാണു വേണ്ടതു. അതുപോലെതന്നെ ചൈനയോടും മററ പൌരസ്ത്യ ഏഷ്യൻ രാഷ്ട്രങ്ങളോടും നാം സന്ധിബന്ധത്തിൽ ഏർപ്പെടണം.

ഇൻഡ്യ ഇപ്പോഴെ യുദ്ധത്തിലേർപ്പെട്ടിരിയ്ക്കുകയാണല്ലോ. കാശ്മീർ സമരം ഇൻേറാ പാക്കിസ്ഥാൻ സമരത്തിന്റെ നാന്ദി മാത്രമാണു്. കേന്ദ്ര അസംബ്ളിയിൽ നവമ്പർ 25–ാംനു-നെഹ്റുതന്നെ വ്യക്തമാക്കി പാക്കിസ്ഥാൻ ആയുധവും സൈന്യവും പ്ലാൻ അനുസരിച്ചു് ലഹളക്കാർക്കു കൊടുക്കുന്നുണ്ടെന്നു്.

ജിന്നാസാഹിബിന്റെ രാജ്യം, ശത്രുരാജ്യമായി കണക്കാക്കിയാലെ ഇൻഡ്യയ്ക്കു വിജയമുള്ളു. ഭയങ്കരമായ സാമ്പത്തിക കുഴപ്പങ്ങൾകൊണ്ടും കഴിവില്ലായ്മകൊണ്ടും മാത്രമാണു് പാക്കിസ്ഥാൻ ഇൻഡ്യയുമായി പരസ്യമായിട്ടു യുദ്ധപ്രഖ്യാപനം ചെയ്യാത്തതു്. ഇപ്പോൾതന്നെ അമേരിയ്ക്കയുമായി സാമ്പത്തിക ഉടമ്പടികൾ ജിന്ന സാഹിബ് തയ്യാറാക്കുകയാൽ അമേരിയ്ക്കൻ ഡാളറിനു പിറകെ ആയുധങ്ങളും, വെടിക്കോപ്പുകളും നിശ്ചയംതന്നെ.

പാക്കിസ്ഥാൻ ജിന്നാസാഹിബ് ഭരിക്കുന്നിടത്തോളം കാലം ശത്രു വാതുക്കൽ നിൽക്കുന്നു എന്നു വിചാരിച്ചു് കരുതി ഇരിയ്ക്കുകയാണു് വേണ്ടതെന്നുള്ള നാഷനൽ ഹെറാൾഡിലെ രാമറാവു പറഞ്ഞതു വിശ്വസിയ്ക്കുവാൻ കാരണങ്ങൾ എല്ലാമുണ്ടു്. എന്നുവെച്ചു് ഇൻഡ്യയ്ക്കും, പാക്കിസ്ഥാനും മദ്ധ്യേ ഒരു സീജ് ഫീഡ് ലൈനോ മാഗ്നോ ലൈനോ കെട്ടേണ്ടതില്ല. അതു വിഷമമാണു്, ചിലപ്പോൾ നിഷ്ഫലവും ആകാം. യഥാർത്ഥമായ ഇൻഡ്യയുടെ കോട്ടയും കിടങ്ങും ഇൻഡ്യാക്കാരായ പട്ടാളക്കാരുടെ മാംസവും രക്തവും തന്നെയായിരിയ്ക്കണം.

കാശ്മീർ രാജ്യരക്ഷ നമ്മുടെ കർത്തവ്യമായതിനാൽ റഷ്യയുമായി നാം കൂടുതൽ അടുക്കുകയാണു് വേണ്ടതു്.

വ്യോമസൈന്യവും കടൽസൈന്യവും വർദ്ധിപ്പിക്കുവാനും, സുശക്തമാക്കുവാനും നമ്മൾ ഇംഗ്ലീഷ്കാരോടു മാത്രമല്ലാ റഷ്യയോടും, ജർമ്മനിയോടും, അമേരിയ്ക്കയോടും സഹായങ്ങൾ നേടേണ്ടിയിരിക്കുന്നു. ആയതിലേയ്ക്കു് സ്വരക്ഷയേ ചൊല്ലി ഇൻഡ്യ കൂടുതൽ സ്വതന്ത്ര്യയാകേണ്ടതായിട്ടാണു് ഇരിക്കേണ്ടതു്. അതിനാൽ അതിവേഗം, ഇൻഡ്യാഡോമിനിയൻ പദവിത്യജിയ്ക്കേണ്ടിയിരിയ്ക്കുന്നു.

ലോകത്തിലെവിടെയും സുശക്തമായും സാർവത്രികമായും പ്രവർത്തനം നടത്തുവാൻ, സൈന്യ നിരീക്ഷണ വകുപ്പും, വിദേശനയതന്ത്രവകുപ്പും വിപുലീകരിച്ചു് പ്രവർത്തനങ്ങൾ അടിയന്തിരമായി പുരോഗമിയ്ക്കണം.

ഇപ്പോൾതന്നെ ജബൽപ്പൂരിൽനിന്നും എത്രമാത്രം ആയുധസാമഗ്രികൾ ഇംഗ്ലീഷുകാർ പാക്കിസ്ഥാനിലേയ്ക്കു് കടത്തി എന്നുനമ്മൾക്കറിഞ്ഞുകൂടാ. കിഴക്കൻ പഞ്ചാബിലെ ആഭ്യന്തരയുദ്ധം – ലഹള––അറിയാതെയാണു് സംഭവിച്ചതു്=എന്നു് ഇൻഡ്യാ ഗവർമ്മെൻറ് കുററം സമ്മതിച്ചു. ഇ

# ശ്രീ പട്ടം താണുപിള്ള

പൂജപ്പുര കൃഷ്ണൻനായർ

തിരുവിതാംകൂറിൽ തിരുവനന്തപുരത്തു് ഒരു റയിൽവെസ്റ്റേഷൻ മൈതാനമുണ്ടു് അതിനു് രാഷ്ട്രീയമായ വലിയ പാരമ്പര്യമാണുള്ളതു്. ഉത്തരവാദഭരണത്തിൻെറ വിത്തു് ആദ്യം വിതച്ചതു് ആ മൈതാനത്താണു്. ആ മൈതാനം ഇന്നൊരുദ്യാനമാണു്. അതിനു് ഒരു കഥയും കാരണവുമുണ്ടു്. അതു് ഇതാണു്. ആ വിത്തു് അവിടെ അതിവേഗംമുളച്ചുപോകുമെന്നു് കരുതി അന്നത്തെ അധികൃതർ ആ മൈതാനത്തെ കുത്തിക്കിളച്ചു് അവിടെ നിന്നും ആ വിത്തു എടുത്തു ദൂരത്തെറിഞ്ഞു; മനുഷ്യർക്കാവശ്യമില്ലാത്തതും ചില മണിമന്ദിരങ്ങളുടെ കോലായിൽ പ്രഭുവർഗത്തിൻെറ വങ്കത്തരത്തിൻെറ അടയാളമായിമാത്രം നിൾക്കേണ്ടതായ വികൃതവർണ്ണങ്ങളോടുകൂടിയ ചെടികൾ വച്ചുവിടിപ്പിച്ചു അങ്ങനെ അതിനെ മാററിയതാണു്.

ആ മൈതാനത്തുനിന്നു പ്രസംഗിക്കാത്ത ഒരു രാഷ്ട്രീയപ്രവർത്തകനേയും ഒരു പ്രാസംഗികനായി (തിരുവിതാംകൂറിനെസംബന്ധിച്ച മാത്രമാണു്) ആരും കരുതാറില്ല. അതാണു് ആ മൈതാനത്തിൻെറ മെച്ചം. അവിടെ ഒന്നുകേറി പ്രസംഗിച്ചു റങ്ങിയാൽ അയാൾ ഒരു ഗംഭീര പ്രാസംഗികനാണു. പ്രസംഗം അറിഞ്ഞു കൂടാത്തവനും അവിടെയൊന്നു കേറിപ്പോയാൽ അയാൾ ഒരു ഗംഭീര പ്രാസംഗികനായിപ്പോകും: ഇതു വാസ്തവമാണു്. അങ്ങിനെ പലരും പ്രാസംഗികന്മാരായിട്ടുണ്ടു്. അതുപോലെ അവിടെക്കേറാത്തവർ ഇന്നും അറിയപ്പെടാത്ത പ്രാസംഗികന്മാരായിട്ടുണ്ടു്. അങ്ങിനെയുള്ള ആ മൈതാനത്തിൽ:= ഏതൊരു ചെറിയ സംഭവത്തിനുപോലും ആയിരമായിരമാളുകൾ കൂടുന്ന സ്ഥലത്തു്= അനേകായിരം ജനങ്ങളെ സംബോധനചെയ്തുകൊണ്ടു് ഗാന്ധിതുടങ്ങി രാജാജി, രാജേന്ദ്രപ്രസാദ്, ജഗജീവൻറാം, കൃപലാനി വരെ പ്രസംഗിച്ചിട്ടുണ്ടു്. അതുകൊണ്ടേ ഇന്നും ആ മൈതാനം ചിരിച്ചിട്ടില്ല, പുളകം കൊണ്ടിട്ടില്ല. എന്നാൽ രാജശ്രീ പട്ടം തൻെറ കടലാസുപോലെ വെളുത്ത നെടുങ്കൻ ജുബ്ബയും നീളംകൂടിയ ഷാളുംധരിച്ചു് കാണാൻ വളരെയധികം വികൃതമല്ലാത്ത കഷണ്ടിയോടും, ഒരു കാമുകൻെറ ലാവണ്യത്തോടും കൂടി മുഖവുംനിവർത്തിപ്പിടിച്ചു് പ്രസംഗംതുടരുമ്പോൾ ആ മൈതാനം ഒരു പുതുനവോഢയുടെ ശൃംഗാരോ[illegible]തകമായ പുഞ്ചിരിപൊഴിക്കുന്നതു് ആർക്കും വളരെ വേഗം കാണാവുന്നതാണു്. അദ്ദേഹം അങ്ങനെ ആയിരമായിരം ആളുകളുടെ നടുവിൽ നിന്നു് പ്രസംഗിക്കുന്ന ആ ശ്രവണസുഖമല്ലാത്ത പ്രസംഗം കേൾക്കുന്നതിനേക്കാൾ ആനന്ദം കാണുന്നതാണു്.

അവിടെ നിന്നുപ്രസംഗിക്കുന്ന ദുർവാസാവിൻെറ ഭാവത്തോടുകൂടിയ ആ അറുപതുവയസ്സായ ദുഷ്യന്തനെ ഒരിക്കൽകണ്ടിട്ടുള്ളവർ മറന്നുപോകുക സാധ്യമല്ല.

ശ്രീ പട്ടം ഒരിക്കലും ഒരു നല്ലപ്രാസംഗികനല്ല. എന്നാൽ നൂററിയിരുപതു മിനിട്ടിൽ കുറഞ്ഞ ഒരു പ്രസംഗവും ഇ

തെല്ലാം കൊള്ളരുതായ്മകളാണു്. ഉടൻ സൈന്യനിരീക്ഷണവകുപ്പു് ഉണ്ടാക്കേണ്ടയാവശ്യമാണു് ഇതു കാണിക്കുന്നതു്.

ഇൻഡ്യൻ സൈന്യം വിപുലീകരിയ്ക്കേണ്ടിയിരിക്കുന്നതുപോലെതന്നെ അടിയന്തിരമാണു്, സകല നാട്ടുകാരേയും ആയുധാഭ്യാസം ഗവർമ്മൻെറ ചെയ്യിപ്പിയ്ക്കുകയെന്നതു്. ഇൻഡ്യയിൽ മുസ്ലീംകൾ, ജിന്നയോടു് ഇനിമേലും കൂറുകാണിയ്ക്കുകയാണെങ്കിൽ അവരെ പട്ടാളത്തിൽ വച്ചുകൊണ്ടിരിയ്ക്കരുതു്. അതു ഇൻഡ്യയ്ക്കു് ആപത്താണു്. പട്ടാളത്തിൽ രാജ്യതന്ത്രജ്ഞന്മാർ ഉദ്യോഗംഅവലംബിക്കുന്നതുകൊണ്ടും, പാട്ടാളം രാഷ്ട്രീയകാര്യങ്ങളിൽ അവിഹിതമായി ഇടപെടുന്നതുകൊണ്ടുമാണു് ജനാധിപത്യം പരാജയപ്പെടുന്നതെന്നു്, ലാസ്കി ഹെറാൾ ഉന്നയിച്ച പരമാർത്ഥം നാം ഒരിക്കലും മറക്കരുതു്. പോരാതെ ഇന്നലെവരെ പാട്ടാളക്കാർ വിദേശികളുടെ കീഴിൽ ആയിരുന്നപ്പോൾ ജനങ്ങൾക്കു് അവരെ വെറുപ്പും പേടിയും ആയിരുന്നു. എന്നാൽ ഇന്നു് ഇന്ത്യ സ്വതന്ത്രമായതുകൊണ്ടു് പട്ടാളക്കാർ രാജ്യത്തിൻെറയും ജനങ്ങളുടെയും ആണു്. അതിനാൽ സൈനീകവൃത്തി പാവനമായും അന്തസ്സായും നാം കരുതുവാൻ തുടങ്ങണം.

ഇപ്രകാരം അവശ്യംവേണ്ടതും സർവ്വതോമുഖവുമായ സൈന്യവിപുലീകരണവും പരിശീലനങ്ങളും നമ്മുടെ സമ്പൽസൃഷ്ടിയേയും ഗവർമ്മേണ്ടു നയങ്ങളേയും അടിസ്ഥാനമാക്കിയാണ ഇരിക്കുന്നതു്. കൂടുതൽകൂടുതൽ കരം പണക്കാരിൽനിന്നും ഈടാക്കുന്നതും, സകലർക്കും പണി കൊടുക്കുന്നതും, സകലരേയും കൂടുതൽ കൂടുതൽ ജാലി ചെയ്യിപ്പിക്കുന്നതുമായ ഒരു രാഷ്ട്രീയ നിർമ്മണപദ്ധതിതാണു് ഇതിനെല്ലാം വേണ്ടി നമ്മുടെ ഇന്ത്യാഗവർമ്മണ്ടു ഉടൻ ചെയ്യേണ്ടതു്

—കെ.

തുവരെ അദ്ദേഹം കാൺഗ്രസ്സ് പ്ലാററ്ഫോറത്തിന്മേൽനിന്നും ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗാവസരത്തിൽ ശ്രോതാക്കളിൽ ഒരുവൻ പോലും അലസനായോ ജുഗുപ്സയോടുകൂടിയോ അദ്ദേഹത്തെ വീക്ഷിച്ചിട്ടുമില്ല. പ്രസംഗാനന്തരം അദ്ദേഹത്തെ വിമർശിച്ചിട്ടുണ്ടാകാം പക്ഷെ ചീത്തപറഞ്ഞിട്ടുണ്ടാവാം. എന്നാൽ പ്രസംഗം തീർന്നതിൻശേഷം അദ്ദേഹത്തിനു് ജേ വിളിക്കുന്നതിൽ സാകൂതം പങ്കുകൊണ്ടു മിടിക്കും.

ശ്രീ. പട്ടത്തെ പരസ്യമായി എതുക്കേണ്ടതു് അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ ആരോഗ്യപരമായ വളർച്ചക്കു് ആവശ്യമാണു്. എന്നാൽ അതിനെക്കാൾ കൂടുതലാവശ്യം അദ്ദേഹത്തെ അനുകൂലിക്കുകയാണു്. അതാണു് ഇന്നു് ദേശാഭിമാനികളും നാട്ടുകാരും ചെയ്യുന്നതു് അതാണു് ഇന്നു് നാട്ടുകാരുടെ പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയും അതിന്റെ നേതാവായ സ: പി. ററി. പുന്നൂസും ചെയ്യുന്നതു്.

ശ്രീ. പട്ടംതാണുപിയുടെ വ്യക്തിപരമായ ജീവിതത്തെപ്പററി അദ്ദേഹത്തിന്റെ നാട്ടുകാരും അനുയായികളും തികച്ചും അജ്ഞരാണു്. അതിലവർക്കു ജിജ്ഞാസയുമില്ല മി. പട്ടത്തിനെപ്പററി ഒരു പൊതുമതിപ്പാണു് എപ്പോഴുമുള്ളതു് അതു ഇന്നും സുശക്തമായിത്തന്നെയുണ്ടു്. ഒരു രാജ്യത്തിലെ അതിഷേധ്യനേതാവെന്നനിലയിൽ അവശ്യം വേണ്ട പല ഗുണങ്ങളും അദ്ദേഹത്തിനില്ല അഥവാ ഉണ്ടെങ്കിൽ അതു. കടനമായിട്ടില്ല. അദ്ദേഹം ഒരു രാഷ്ട്രീയ ചിന്തകനല്ല, വാശ്മിയല്ല, സംഘാടകനല്ല; നയജ്ഞനല്ല, പണ്ഡിതനല്ല, സാഹിത്യകാരനല്ല, ക്ഷമാശീലനല്ല മുൻകോപമില്ലാത്തവനല്ല എങ്കിലും ഇവയെല്ലാമുള്ള ഒരു നേതാവിനെക്കാളും അദ്ദേഹം ഒരു വലിയ നേതാവാണു്. അതിന്റെ കാരണം അജ്ഞേയം എന്നതുപോലെ, അദ്ദേഹത്തിന്റെ ഔന്നത്യം കണ്ണുകൊണ്ടു് കണ്ടറിയാവുന്നതുമാണു്.

ഒരു പ്രക്ഷോഭകാരിയാണു ശ്രീ. പട്ടം. സംഘടനാപരമായ കാര്യത്തിൽ അദ്ദേഹം വലിയ വിമുഖനാണു്. അതിന്റെ വ്യക്തമായ തെളിവാണു് ഇന്നും അദ്ദേഹത്തിന്റെ സ്റ്റേററ് കോൺഗ്രസ് അസംഘടിതവും ശിക്ഷണബോധമില്ലാത്ത അനുയായികളെക്കൊണ്ടു നിറഞ്ഞും വിരുദ്ധാഭിപ്രായങ്ങൾകൊണ്ടു് വികലമായും കാണുവാൻ സാധിക്കുന്നതു്. അതിൽ അദ്ദേഹത്തിനു തെല്ലും പരിഭവമോ ഉൽകണ്ഠയോ ഇല്ലതാനും! ഇപ്രകാരമുള്ള ഒരു നേതാവു് മറെറാരു രാജ്യത്തിലെ ജനതയ്ക്കു ലഭിച്ചിരുന്നുവെങ്കിൽ ആ വ്യക്തിയുടെ നേതൃത്വം ഇങ്ങിനെ വരാതവണ്ണം എന്നന്നേക്കുമായി മണ്ണടിഞ്ഞു പോയേനേ. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം അങ്ങനെസംഭവിച്ചില്ല സംഭവിക്കുകയുമില്ല. കാരണം ശ്രീ. പട്ടംതന്നെ അവരുടേ നേതാവായി വരണമെന്നുള്ളതാണു്. അതാണവരുടെ നിഷ്കളങ്കമായ അഭിലാഷം. ശ്രീ. പട്ടത്തിനെ അവരുടെ നേതാവാക്കണമെന്നുള്ളതു് അവരുടെ ഇളക്കുവാൻ കഴിയാത്ത തീർച്ചയാണു്. അതിൽ അവർ ജയിച്ചു, പട്ടം തോററു (പട്ടത്തിനു് നേതാവാകാതിരിക്കുവാനും സമ്മതമായിരുന്നു. അതു കളഞ്ഞിട്ടു് പോയാലും വേണ്ടില്ലായിരുന്നു.)

സന്ധിസംസാരത്തിൽ വളരെ വൈമുഖ്യമാണദ്ദേഹത്തിനുള്ളതു്. അതു് ഒരു ഗംഭീരമായന്യൂനതയായിട്ടാണു് സാധാരണ രാഷ്ട്രീയ ചിന്തകന്മാർ കാണുന്നതു്. എങ്കിൽ കൂടിയും ആ ന്യൂനത തിരുത്തുവാൻ അദ്ദേഹം ഇന്നും കൂട്ടാക്കുന്നില്ല. അതിൽ അദ്ദേഹത്തിന്റെ ഒരു വിഭാഗം അനുയായികൾക്കു് തലവേദനയുമില്ല. അപകടകരമായ മറെറാരു സ്വഭാവം അദ്ദേഹത്തിനുണ്ടു്. അതു് അദ്ദേഹത്തെ അറിയുന്നവർക്കെല്ലാം അറിയാം. സന്ധിക്കുവേണ്ടി ഇടപെട്ടു പോയാൽ ഒരു തരത്തിലും ആ ബന്ധത്തിൽ നിന്നും ഒഴിഞ്ഞു മാറുകയില്ല. പിന്നെ അദ്ദേഹം ശ്രമിക്കുന്നതു് സന്ധിബന്ധം പുലർത്തുവാനാണു് അതിൽ രാഷ്ട്രീയമായ ജയാപജയത്തെപ്പററി ചിന്തിക്കുകയേ ഇല്ല. സന്ധി ജയിക്കണം, അതു മാത്രമായിരിക്കും ചിന്ത. എന്തൊരപകടമാണു് !!! ഇങ്ങിനെയാണെങ്കിലും അദ്ദേഹത്തെത്തന്നെ സന്ധിക്കായി ഉന്തിവിട്ടിട്ടുള്ളതായറിയാം. അതിലെല്ലാം പരാജയത്തിന്റെ കറുത്ത പൊട്ടും തൊട്ടു് കരഞ്ഞുകൊണ്ടാണു് ഇറങ്ങിപ്പോയിന്നതു്. എങ്കിലും അദ്ദേഹത്തെത്തന്നെയാണു് അതിനുവേണ്ടി വീണ്ടും വീണ്ടും നിയോഗിച്ചിട്ടുള്ളതു്. കാരണം അത്തരം കാര്യങ്ങളിൽ ആത്മാർത്ഥതയോടുകൂടി ഇടപെടുവാൻ വേറെ ആളില്ല. മി: പട്ടത്തിന്റെ കയ്യിൽ ഒരു ബാഗു് കാണാം. അതു് ഒരാഭരണമായി പ്രേക്ഷകർക്കു തോന്നുമെങ്കിലും അദ്ദേഹം ആവശ്യത്തിന്റെ പേരിൽ മാത്രമാണു് അതു ചുമക്കുന്നതു്. അതിനുള്ളിൽ വിലയേറിയ ഒരു പുസ്തകമോ അത്തരത്തിലുള്ള മറെറന്തെങ്കിലുമോ ഉള്ളതായി അതിനുള്ളിലുള്ള സ്വന്തം ലേഖകൻ ഇതേവരെ റിപ്പോർട്ടു് ചെയ്തിട്ടില്ല. എന്നാൽ നിരവധി പൊളിക്കാത്ത കവറുകളും അല്പം പോലും മുഷിയാത്ത കാർഡുകളും ഉണ്ടെന്നാണു് പരക്കെ സംസാരം. അദ്ദേഹം നല്ല പുസ്തകങ്ങൾ വായിച്ചിട്ടുണ്ടെന്നുവരാം. എന്നാൽ അതിനൊരു സാക്ഷിപോലും ഈ ലോകത്തോ ജയിലിനകത്തോ കിട്ടുകയില്ല.

അദ്ദേഹത്തിന്റെ കുടുംബജീവിതം അനാഡംബരകരവും സുഖസമ്പൂർണ്ണ

(ശേഷം 23-ാം പേജിൽ)

# മനമില്ലാ ഡോക്ടർ

## എം. പി. പോൾ എം. എ.

നാടകപാത്രങ്ങൾ.

ജെറോണ്ട്, ലൂസിയുടെ അച്ഛൻ.
ലിയാണ്ടർ, ലൂസിയുടെ കാമുകൻ.
സ്ഗാനറൽ, മാർട്ടിയുടെ ഭർത്താവ്.
റോബർട്ട്, സ്ഗാനറലിന്റെ അയൽക്കാരൻ.
ലൂക്കാസ്, യാക്വെലിയുടെ ഭർത്താവ്.
വലേറി, ജെറോണ്ടിന്റെ ഭൃത്യൻ.
തിബോട്ട്, പെറി, കൃഷിക്കാർ.
ലൂസി, ജെറോണ്ടിന്റെ പുത്രി.
മാർട്ടി, സ്ഗാനറലിന്റെ ഭാര്യ.
യാക്വെലി (ഒരു നഴ്സ്) ലൂക്കാസിന്റെ ഭാര്യ.

[രംഗം ഒരു കാടാണ്]

രംഗം 1.

[സ്ഗാനറലും മാർട്ടിയും വഴക്കടിച്ചുകൊണ്ടു പ്രവേശിക്കുന്നു.]

സ്ഗാനറൽ: ഞാനല്ലേ പറയുന്നതു്, ഇല്ലാന്നു്? എനിക്കാണിവിടെ കല്പിക്കാനവകാശം. ഞാനാണു വീട്ടുകാന്നോരു്!

മാർട്ടി: ഞാൻ പറയുന്നതുപോലെ താൻ ജീവിക്കണമെന്നാണു ഞാനും പറയുന്നതു് തന്റെ ഈ തോന്ന്യാസമെല്ലാം സഹിക്കാനല്ല ഞാൻ തന്നെ കെട്ടിയതു്.

സ്ഗാനറൽ: കഷ്ടം! പെണ്ണുകെട്ടിയതുകൊണ്ടു് എന്തൊരു ശല്യമാണു്! അരിസ്റ്റോട്ടിലല്ലേ പറഞ്ഞിരിക്കുന്നതു് സ്ത്രീപിശാചിനേക്കാൾ ചീത്തയാണെന്നു്? അതു ശരിയാണു്.

മാർട്ടി: ഓ! ഒരു വിദ്വാനെ നോക്കു്! അയാളുടെ മണ്ടൻ അരിസ്റ്റോട്ടിലും!

സ്ഗാനറൽ: അതേ, വിദ്വാൻതന്നെയാണു്! അല്ലെങ്കിൽ നീയൊന്നന്വേഷിച്ചുനോക്കു! എന്നേപ്പോലെ എല്ലാകാര്യത്തെക്കുറിച്ചും യുക്തിവാദം ചെയ്യുന്ന ഒരു വിറകുവെട്ടി വേറെ ഉണ്ടോ എന്നൊന്നന്വേഷിക്കു. ഒരു പേരുകേട്ട ഡോക്ടറിന്റെ കൂടെ ആറുകൊല്ലം താമസിച്ച ആളാണു് ഞാൻ എന്റെ ചെറുപ്പത്തിൽ ലത്തീൻ വ്യാകരണം ഞാൻ പച്ചവെള്ളംപോലെ ഉരുവിട്ടമായിരുന്നു. നിനക്കെന്തറിയാം!

മാർട്ടി: ഈ കഴുതയെ കാലനും വേണ്ടല്ലോ!

സ്ഗാനറൽ: ഈ തലയിൽ തെറിച്ച പെണ്ണിനെക്കൊണ്ടു ചുട്!

മാർട്ടി: ഞാൻ "മനസ്സാകുന്നു" എന്നു പറഞ്ഞ ദിവസവും വിനാഴികയും ശപിക്കപ്പെട്ടതാണു്.

സ്ഗാനറൽ: എന്റെ നാശത്തിനു് വിവാഹ ഉടമ്പടിക്കു് എന്നെക്കൊണ്ടു ഒപ്പുവയ്പിച്ച പടുകിഴവൻ തുലഞ്ഞുപോകട്ടെ!

മാർട്ടി: താനെന്നെ കെട്ടിയതുകൊണ്ടു് തനിക്കെന്തു ദോഷമാണുണ്ടായതു്? എന്നെ ഭാര്യയായി കിട്ടിയതിനു് തന്റെ ജീവിതത്തിലെ ഓരോ നിമിഷവും ദൈവത്തെ സ്തുതിക്കുകയാണു് വേണ്ടതു്. എന്നേപ്പോലെ ഒരു പെണ്ണിനെ കെട്ടാൻ തനിക്കെന്തു യോഗ്യതയാണുണ്ടായിരുന്നതു്. പറയു.

സ്ഗാനറൽ: ശരിയാണു്! നീ എനിക്കു് വലിയ ബഹുമതിയാണുണ്ടാക്കിയതു് കെട്ടിയ ദിവസം തന്നെ എനിക്കതു ബോദ്ധ്യമാകയും ചെയ്തു. നാശം വെറുതെ എന്നെക്കൊണ്ടു അതുമിതും പറയിപ്പിക്കേണ്ട അല്ലെങ്കിൽ ചില കാര്യങ്ങളൊക്കെ...........

മാർട്ടി: എന്തുകാര്യങ്ങളൊക്കെ! എന്താണു് തനിക്കു് പറയാനുള്ളതു്?

സ്ഗാനറൽ: പറയാതിരിക്കുകയാണു് നല്ലതു് എനിക്കറിയാവുന്നതു് എനിക്കറിയാം എന്നെ നിനക്കു കിട്ടിയതു ഭാഗ്യക്കുറി കിട്ടിയതുപോലെയായി.

മാർട്ടി: തന്നെ കിട്ടിയതു് ഭാഗ്യക്കുറി! എന്നെ പിച്ചപ്പാള എടുക്കാറാക്കിയ മനുഷ്യൻ! കള്ളുകുടിച്ചു തട്ടിപ്പുംകൊണ്ടു നടക്കുന്ന ദ്രോഹി! എന്റെ കൈവശമുണ്ടായിരുന്നതെല്ലാം തിന്നുമുടിച്ചു.......................

സ്ഗാനറൽ: തിന്നുമുടിച്ചെന്നു പറയു

ന്നതു് ശരിയല്ല. ഒരുപങ്കു കുടിച്ചാണു് കളഞ്ഞതു്.

മാർട്ടി- വീട്ടു സാമാനങ്ങളെല്ലാം ഓരോന്നായി പെറുക്കിയെടുത്തു് വിൽക്കുന്ന ധൂർത്തൻ !—

സ്ഗ്യാന: അവനവന്റെ മുതലു കൊണ്ടു് ജീവിയ്ക്കുന്നതു് അങ്ങനെയാണു്.

മാർട്ടി; ഞാൻകിടന്നിരുന്ന കിടക്ക പോലും വിററ...............

സ്ഗ്യാന: അതുകൊണ്ടു് നീ നേരത്തെതന്നെ എഴുന്നിയ്ക്കും.

മാർട്ടി: ഇവിടെ വീട്ടു സാമാനത്തിന്റെ ഒരു കഷണംപോലും ശേഷിക്കാതെ വിററ........

സ്ഗ്യാന: അതുകൊണ്ടു് ഇതിനകത്തു് തടസംകൂടാതെ നടക്കാം്

മാർട്ടി: നേരം വെളുത്താൽ അന്തിയാവുന്നതുവരെ കുടിയും ചൂതുകളിയും.......

സ്ഗ്യാന: അതു വിഷാദമില്ലാതിരിയ്ക്കാനാണു്.

മാർട്ടി: ഞാനീ കുഞ്ഞുങ്ങളേയും കൊണ്ടു് എന്തു ചെയ്യും !

സ്ഗ്യാന: നിന്റെ ഇഷ്ടംപോലെ ചെയ്യോ.

മാർട്ടി: നാലുകുഞ്ഞുങ്ങളുടെ ഭാരം എന്റെ തലയിലാണല്ലോ.

സ്ഗ്യാന: അവരെ താഴത്തിറക്കി നിറുത്തണം

മാർട്ടി: അതുങ്ങളെപ്പോഴും ചോറ ചോറ എന്നു് പറഞ്ഞു കരയുന്നു.

സ്ഗ്യാന: നന്നാലു് ചുട്ട അടിയങ്ങു കൊടുക്കണം. ഞാൻ തിന്നു കുടിച്ചു തൃപ്തനായി കഴിഞ്ഞാൽ എല്ലാവരും സുഖമായി കഴിയണമെന്നാണെന്റെ ആഗ്രഹം.

മാർട്ടി: എടോ കള്ളുകുടിയാ ! എന്നും ഇതുപോലെ കഴിയാമെന്നാണോ തന്റെ വിചാരം ?

സ്ഗ്യാന: ഒച്ചയെടുക്കാതെ !

മാർട്ടി: തന്റെ ഈ ധൃഷ്ടും ധിക്കാരവും ഞാൻ എന്നും സഹിയ്ക്കണമെന്നാണോ തന്റെ..............

സ്ഗ്യാന: ദേഷ്യപ്പെടാതെ പെണ്ണേ.

മാർട്ടി: ഇതിനു് തന്നെ നല്ലപാഠം ഞാൻ പഠിപ്പിയ്ക്കയില്ലെന്നാണോ തന്റെ...........

സ്ഗ്യാന: എന്റെ ക്ഷമക്കു് അതിരുണ്ടെന്നു നിനക്കറിയാമല്ലോ, എന്റെ പൊൻകുടം ! എന്റെ കൈയിന്റെ ബലവും നിനക്കറിയാമല്ലോ.

മാർട്ടി: താൻ എന്നെ അത്രപേടിപ്പിക്കുകയൊന്നും വേണ്ട.

സ്ഗ്യാന: എന്റെ കുഞ്ഞുപ്പെണ്ണേ എന്റെ കണ്മണി ! നിന്റെ പുറം പതിവുപോലെ തരിയ്ക്കുന്നുണ്ടു്, അല്ലേ ?

മാർട്ടി; എനിക്കുതന്നെ പേടിയില്ലെന്നു ഞാൻ കാണിച്ചുതരാം.

സ്ഗ്യാന; എന്റെ പൊന്നുംകട്ടേ ! നീ എന്നേ പരീക്ഷിക്കുന്നതു്കുറെകടന്നുപോകുന്നു.

മാർട്ടി: തനിയ്ക്കെന്നെ പേടിപ്പിയ്ക്കാമെന്നാണോ വിചാരം ?

സ്ഗ്യാന: എന്റെ ഭൂലോകരംഭേ ! നിന്റെ കരണക്കുററിഞാൻ പൊടിക്കും.

മാർട്ടി: കള്ളുകുടിയാ !

സ്ഗ്യാന: തല്ലുകൊള്ളും !

മാർട്ടി: കള്ളിൻകുടം !

സ്ഗ്യാന. നിന്നെ ഞാൻ ചതയ്ക്കും !

മാർട്ടി; ദുഷ്ടാ !

സ്ഗ്യാന. നിന്റെ എല്ലു് തവിടു പൊടിയാക്കും !

മാർട്ടി. ചതിയാ ! കോന്താ ! കോമട്ടി ! എഭ്യാ ! തെണ്ടി ! ശപ്പാ ! നീചാ ! പോക്കിരി ! കേഡീ ! കള്ളം !

സ്ഗ്യാന: അപ്പോൾ നീ കൊണ്ടേ അടങ്ങു; അല്ലേ ?

(ഒരു വടിയെടുത്തു് ഭാര്യയെ പ്രഹരിക്കുന്നു)

മാർട്ടി: (നിലവിളിക്കുന്നു) അയ്യോ! അയ്യോ ! എന്നെ കൊന്നേ !

സ്ഗ്യാ... നിന്റെ നാവടക്കാൻ ഇതേ വഴിയുള്ളു.

## രംഗം 2

(റോബർട്ടു് പ്രവേശിക്കുന്നു)

റോബർട്ടു: നിൽത്തു! നിൽത്തു മതി മോശം! എന്താണിതിനു കാരണം? നാണമില്ലല്ലേം എന്തൊരു ദുഷ്ടതയാണു് ഭാര്യയെ ഇങ്ങനെ തല്ലുന്നതു് !

മാർട്ടി: (കൈരണ്ടും എളിയിൽ കുത്തി, റോബർട്ടിന്റെ നേരെ തിരിഞ്ഞു അയാളെ പിന്നോക്കം ഓടിച്ചു്, അയാളിന്റെ ചെകിട്ടത്തൊന്നു പൊട്ടിയ്ക്കുന്നു.) തല്ലുകൊള്ളുന്നതു് എനിയ്ക്കിഷ്ടമാണെങ്കിൽ തനിയ്ക്കെന്താണു്?

റോബ: (അടികൊണ്ട സ്ഥലം തടവിക്കൊണ്ടു്) കൊണ്ടോളൂ, എനിക്കു പൂർണ്ണസമ്മതമാണു്.

മാർട്ടി: തനിയ്ക്കെന്താ ഇവിടെ കാര്യം?

റോബ; തെററിപ്പോയി.

മാർട്ടി; തന്നോടിവിടെ വരാൻ വല്ലോരും ആവശ്യപ്പെട്ടോ?

റോബ: ഇല്ല. എന്റെ അബദ്ധം. നിങ്ങൾ പറയുന്നതു ശരിയാണു്.

മാർട്ടി: കെട്ടിയവൻ കെട്ടിയവളെ തല്ലുന്നതു് തടയാൻ വന്നിരിക്കുന്ന ധിക്കാരി!

റോബ: ഞാൻ പിൻവലിഞ്ഞിരിക്കുന്നു.

മാർട്ടി; തനിയ്ക്കു വല്ലതും പറയാനുണ്ടോ?

റോബ: ഇല്ല.

മാർട്ടി: തനിയ്ക്കു് ഇവിടെ തലയിടുവാനവകാശമുണ്ടോ?

റോബ: ഇല്ല; ഇല്ല.

മാർട്ടി: താൻ തൻെറ കാര്യംനോക്ക്,

റോബ: എനിയ്ക്കൊന്നും പറയാനില്ല.

മാർട്ടി: തല്ലുകൊള്ളാൻ എനിയ്ക്കിഷ്ടമാണ്.

റോബ: നല്ലതുതന്നെ.

മാർട്ടി: തനിയ്ക്കല്ലല്ലോ കൊള്ളുന്നതു്.

റോബ: ശരിയാണ്.

മാർട്ടി: ക്ഷണിയ്ക്കാത്തിടത്തു വലിഞ്ഞുകേറാൻ താനൊരു ഏഭ്യനാണ്. (അയാളുടെ ചെകിട്ടത്തു ഒന്നുകൂടി കൊടുക്കുന്നു; അയാഠം ഒഴിഞ്ഞുമാറി സ്യാനറലിൻെറ അടുത്തു ചെല്ലുന്നു; സ്യാനറലും അയാളെ ശകാരിച്ച ഒരു വടികൊണ്ടടിയ്ക്കുന്നു.)

റോബ: സ്നേഹിതാ! എനിയ്ക്കു തെററിപ്പോയി. ഞാൻ ഹൃദയപൂർവം മാപ്പപേക്ഷിക്കുന്നു. നിങ്ങളുടെ ഭാര്യയെ കണക്കിനു തല്ലിക്കൊള്ളണം. ഞാൻ മുടക്കുന്നില്ല. നിങ്ങഠംക്കിഷ്ടമാണെങ്കിൽ ഞാനും സഹായിക്കാം.

സ്യാന: എനിക്കിഷ്ടമല്ല.

റോബ: എന്നാൽ വേണ്ട.

സ്യന: എനിയ്ക്കു തോന്നുമ്പോഠം ഞാനവളെ തല്ലും. എനിക്കു തോന്നാത്തപ്പോഠം തല്ലുകയില്ല.

റോബ: അങ്ങനെതന്നെ.

സ്യാന: അവളെൻെറ കെട്ടിയോളല്ലേ? തൻെറയല്ലല്ലോ?

റോബ: സംശയമില്ല.

സ്യാന: എന്നോടുകല്പിക്കുവാൻ തനിയ്ക്കെന്തുകാര്യം?

റോബ: ഒന്നുമില്ല.

സ്യാന: എനിക്കു തൻെറ സഹായമാവശ്യമില്ല.

റോബ: അങ്ങനെയാകട്ടെ.

സ്യാന: മററുള്ളവരുടെ കാര്യത്തിൽ തലയിടാൻ നടക്കുന്ന താൻ ഒരു ധിക്കാരിയാണ്. വിരലിനാ മരത്തിനുമിടയ്ക്കു തൊലിടരുതെന്നുസിസറോ പറഞ്ഞിട്ടുള്ളതു് ഓർമ്മയിലിരിയ്ക്കട്ടെ റോബർട്ടിനെ തല്ലിയോടിച്ചു്, ഭാര്യയുടെ അടുക്കൽ തിരിച്ചുവന്നു്, അവളുടെ കൈയ്ക്കു പിടിയ്ക്കുന്നു്.

### രംഗം 3

സ്യാന: ആട്ടെ, സാരമില്ല. നമ്മുടെ വഴക്കു തീർക്കാം. കൈതരൂ.

മാർട്ടി: അതേ, കൈതരാൻ പോണു്! ഈ മാതിരി എന്നെ തല്ലിക്കൊല്ലാറാക്കിയിട്ടു്!

സ്യാന: സാരമില്ലെന്നേ. കൈതരൂ.

മാർട്ടി: ഇല്ല; ഞാൻ തരില്ല.


For all Genuine

Ayurvedic Medicines Consult

THE VASUDEVAVILASAM PHARMACY

Fort TRIVANDRUM.

അരിഷ്ടങ്ങഠം, ഘൃതങ്ങഠം, ഭസ്മങ്ങഠം

വാസുദേവവിലാസം ദന്തചൂർണ്ണം പല്ലുകുത്തിനു്

സുപ്രസിദ്ധമായ

വാസുദേവവിലാസം വൈദ്യശാല

കോട്ടക്കകം തിരുവനന്തപുരം.

സ്പ്രാന: തരില്ലേ?

മാർട്ടി: ഇല്ല.

സ്പ്രാന: എന്റെ കണ്മണിയല്ലേ!

മാർട്ടി: ഇല്ല. ഞാൻ തരില്ല.

സ്പ്രാന: ഹാ! തന്നാട്ടെ! തന്നാട്ടെ!

മാർട്ടി: ഇല്ല; എന്റെ ദേഷ്യം തീർന്നിട്ടില്ല.

സ്പ്രാന ഓ! അതുപോട്ടെ. മറന്നു കളയൂ. കൈതരൂ.

മാർട്ടി: ചുമ്മാതിരിക്കണം.

സ്പ്രാന: കൈതരൂ; ഞാനല്ലേ ചോദിക്കുന്നതു്?

മാർട്ടി: താനെന്നെ കുറച്ചൊന്നുമല്ല തല്ലിയതു്.

സ്പ്രാന: അതു പോകട്ടേന്നു്. ഇതാ! ഞാൻ മാപ്പപേക്ഷിക്കുന്നു. കൈതരൂ.

മാർട്ടി: ആട്ടെ; ക്ഷമിച്ചിരിക്കുന്നു. (സ്വഗതം) ഇതിനു പകരം വീട്ടിയില്ലെങ്കിൽ ഞാൻ പെണ്ണല്ല.

സ്പ്രാന: ഇതൊക്കെ ഇത്ര കാര്യമാക്കാൻ നി എന്തൊരു മണ്ടിയാണു്! പ്രണയത്തിൽ ഇടയ്ക്കിടയ്ക്കു് ഈ ചില്ലറ കലഹങ്ങളൊക്കെ ആവശ്യമാണു്. വടികൊണ്ടുള്ള അഞ്ചോ ആറൊ അടി ഭാര്യാഭർത്താക്കന്മാർക്കു് അന്യോന്യമുള്ള സ്നേഹം പുതുക്കാൻ അത്യാവശ്യമാണു്. കൊള്ളാം! ഞാൻ കാട്ടിലേയ്ക്കു പോകുന്നു. ഇന്നു ഞാൻ നിനക്കു് നൂറു വിറകുകൊള്ളിയിലധികം കൊണ്ടുവന്നു തരും. ഞാനല്ലേ പറയുന്നതു്?(സ്പ്രാനറൽ പോകുന്നു)

ശേഷം 17=ാംപേജിൽ


QUALITY OUR KEY NOTE

ENCOURAGE

INDIAN

INDUSTRIES




ENCOURAGE

INDIAN

INDUSTRIES

Wanted Agents, Stockists and Representatives in Every Town

# സ്റ്റാലിനിസത്തിലേക്ക്

## എം. പി. മേനോൻ

(കഴിഞ്ഞലക്കത്തിലെ തുടർച്ച)

രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭത്തോടുകൂടി തുടങ്ങുന്ന അഞ്ചാമത്തെ ഘട്ടം മുതലിങ്ങോട്ടുള്ള റഷ്യൻ ചരിത്രത്തെപ്പറ്റി അറിയാത്തവർ ഇന്നു ദുർല്ലഭമായിരിക്കും. കൊല്ലക്കുടിയിലേയ്ക്കു സൂചികൊണ്ടുപോകുന്നതു അനാവശ്യമാണെങ്കിലും, രണ്ടാം ലോകമഹായുദ്ധാരംഭം മുതൽക്കുള്ള സ്റ്റാലിനിസ്റ്റ് ചരിത്രം വിവരിക്കുകയെന്നതു അനഭിലഷണീയവുമായിരിക്കും.

സ്റ്റാലിന്റെ നേതൃത്വത്തിൽ ഇന്നു റഷ്യയിൽ നടക്കുന്നതിനെ സംബന്ധിച്ചും ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ പൊങ്ങി വന്നുകൊണ്ടിരിക്കുന്നുണ്ട്. സ്റ്റാലിനിസവും മാർക്സിസവുമായി യാതൊരു ബന്ധവുമില്ലെന്ന് ഒരു കൂട്ടക്കാർ ആരോപണം നടത്തുമ്പോൾ, സ്റ്റാലിനിസവും ഹിറ്റ്ലറിസവും തമ്മിൽ വളരെയധികം സാമ്യതകളുണ്ടെന്നു മറ്റു ചിലർ ചൂണ്ടിക്കാണിക്കുന്നു. സ്റ്റാലിനിസ്റ്റ് ഭരണത്തിന്റെ നേട്ടങ്ങളെപ്പറ്റിയും കോട്ടങ്ങളെപ്പറ്റിയും നിഷ്പക്ഷമായി അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളവർ വളരെ ചുരുങ്ങും. റഷ്യനരകമാണെന്നു വിൻസ്റ്റൻ ചർച്ചിൽ വാദിക്കാതിരിക്കയില്ല. ഇംഗ്ലണ്ടാണ് നരകമെന്നും, റഷ്യൻ ചരിത്രത്തിലേക്കു എത്തിനോക്കുന്ന കട്ടുറുമ്പാണ് ചർച്ചിലെന്നും ഹാരിപോളിറ്റ് ഇതിന്നു മറുപടി പറയുമായിരിക്കാം. അഭിപ്രായവ്യത്യാസങ്ങളുടെ കൂട്ടിമുട്ടലിൽനിന്നുയരുന്ന പൊടിപടലം യാഥാർത്ഥ്യങ്ങളെ നിഷ്പക്ഷനിരീക്ഷകന്മാരിൽനിന്ന് അകറ്റിനിറുത്തുകയും ചെയ്യുന്നു. റഷ്യയിൽ ഡിമോക്രസിയില്ലെന്ന് ചിലർക്കൊരാക്ഷേപം. റഷ്യയിൽ മാത്രമേ ഡിമോക്രസിയുള്ളുവെന്നും മറ്റു നാട്ടുരാജ്യങ്ങളിലെല്ലാം ഒരു ന്യൂനപക്ഷമായ മുതലാളിമാർ ഏകാധിപത്യം നടത്തുകയാണെന്നും റഷ്യക്കാർ തിരിച്ചടിക്കുന്നു. വിഭിന്നവീക്ഷണഗതികളുടെ ഈ നൂലാമാലകളിൽനിന്നു രക്ഷപ്പെടുവാൻ സോവിയറ്റ് റഷ്യയുടെ ഭരണഘടനയിലേക്കു ഒന്നു കണ്ണോടിയ്ക്കുകയായിരിക്കും എളുപ്പം.

1923ൽ പാസ്സാക്കിയ ഭരണഘടന "സാധാരണക്കാരന്റെ സർവ്വാധിപത്യ"ത്തിൽ അടിയുറച്ച ഒന്നായിരുന്നു. അക്കാര്യത്തെസ്സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടാകാനിടയില്ല. ഒരേ സമയത്തുതന്നെ മുനിസിപ്പാലിറ്റികളുടേയും തദ്ദേശ ഭരണാധികാരികളുടേയും ചുമതല വഹിക്കുന്ന "സോവിയറ്റു"കളായിരുന്നു ഭരണത്തിന്റെ അടിസ്ഥാനഘടകങ്ങൾ. ഈ കീഴ് സോവിയറ്റുകളിൽ നിന്നായിരുന്നു ഡിസ്ത്രിക്ട് സോവിയറ്റ്, റീജിയനൽ സോവിയറ്റ് സ്റ്റേറ്റ് സോവിയറ്റ് എന്നിവ തെരഞ്ഞെടുക്കപ്പെട്ടിരുന്നതു്. ഭരണകാര്യത്തിൽ പരമാധികാരം "അഖിലറഷ്യൻ സോവിയറ്റ് കോൺഗ്രസ്സി"ൽ നിക്ഷിപ്തമായിരുന്നു. കീഴ് സോവ്യറ്റുകളിൽ നിന്നായിരുന്നു ഇതിലേക്കുള്ള തിരഞ്ഞെടുപ്പും. 25,000 തൊഴിലാളികൾക്കു ഒന്നുവീതവും, 125000 കർഷകർക്കു ഒന്നുവീതവുമായിരുന്നു കോൺഗ്രസ്സിൽ പ്രാതിനിധ്യം. സോവിയറ്റ് കോൺഗ്രസ്സിൽ നിന്നാണ് സ്ഥിരം എക്സിക്യൂട്ടീവിനെ തെരഞ്ഞെടുത്തിരുന്നതു്. "കൌൺസിൽ ഓഫ് പീപ്പിൾസ് കമ്മിസാഴ്സ്" എന്ന ഭരണ കേന്ദ്രത്തെ തെരഞ്ഞെടുക്കാനുള്ള അധികാരം ഈ എക്സിക്യൂട്ടീവിന്നായിരുന്നു. കേന്ദ്രഭരണത്തിൻകീഴിൽ സ്വയംഭരണാവകാശമുള്ള 7 ഫെഡറൽ റിപ്പബ്ലിക്കുകളാണുണ്ടായിരുന്നതു.

1936 ൽ ഈ ഭരണഘടനയിൽ ചില മാറ്റങ്ങൾ വരുത്തി. സോവിയറ്റുസമ്പ്രദായംതന്നെ വേണ്ടെന്നുവെച്ചു. "സോവിയറ്റ് കോൺഗ്രസ്സ്" പിരിച്ചുവിട്ടു. കീഴ് ഘടകങ്ങളിൽനിന്നു ഉപരിമണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുസമ്പ്രദായവും കൈവെടിഞ്ഞു. നിലവിലുള്ള സോവിയറ്റുകളിലേയ്ക്കെല്ലാം നേരിട്ടുതന്നെ തെരഞ്ഞെടുപ്പു നടത്തുവാൻ നിശ്ചയിച്ചു. സുപ്രീം കൌൺസിൽ ഓഫ് ദി യൂണിയ"ന്നാണു ഇന്നു നിയമനിർമ്മാണത്തിന്നുള്ള പരമാധികാരം. തൊഴിലാളികൾക്കും കൃഷിക്കാർക്കും ഇതിലേക്കു തുല്യമായ വോട്ടവകാശമാണുള്ളതു. സുപ്രീംകൌൺസിലിൽ രണ്ടു സഭകളടങ്ങിയിരിക്കുന്നു--ഒന്ന്, "കൌൺസിൽ ഓഫ് ദി യൂണിയൻ", മറ്റേതു്, "ന്യൂനപക്ഷകൌൺസിൽ" കേന്ദ്രഗവർമ്മെണ്ടിനെ നിശ്ചയിക്കാനുള്ള അധികാരവും മറ്റും സുപ്രീം കൌൺസിലിന്നാണ്.

ഈവക നിയമങ്ങളും വ്യവസ്ഥകളും നോക്കുമ്പോൾ, റഷ്യയിൽ ഡിമോക്രസിയില്ലെന്നു പറയുന്നവരുടെ ചെവിപിടിച്ചിരുത്തുവാൻ ആരുടേയും കൈപൊന്തിയേക്കും. ,പക്ഷെ മറുവശത്തുള്ള ഏകകക്ഷിഭരണത്തെ

പാടേ മറന്നാൽ മാത്രമേ അതിന്നു തരമുള്ളൂ. റഷ്യയിൽ നിയമവിധേയമായ ഏകസംഘടന കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. പാർട്ടിയുടെ അംഗീകരണം ലഭിച്ചവർക്കു മാത്രമേ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി മത്സരിക്കാൻ അവകാശമുണ്ടായിരിക്കയുള്ളൂ. പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ സഖാവു സ്റ്റാലിന്റെ ഉത്തമ സുഹൃത്തുക്കൾക്കും അദ്ദേഹത്തിന്റെ പരിപൂർണ്ണമായ വിശ്വാസം നേടുവാൻ കഴിഞ്ഞിട്ടുള്ളവർക്കും മാത്രമേ സ്ഥാനാർത്ഥിത്വം ലഭിക്കയുള്ളൂ വെന്നാണ് ചിലർ ഈയവസരത്തിൽ വിവക്ഷിക്കുന്നതു്. അതു് യഥാർത്ഥമാണെങ്കിൽ പാർട്ടിയുടെ ഘടനതന്നെ ജനാധിപത്യ വിരുദ്ധമാണെങ്കിൽ; റഷ്യൻ ഡിമോക്രസിയെ സംബന്ധിച്ച ആരോപണങ്ങൾ ശരിയാണെന്ന് സമ്മതിക്കേണ്ടിവരും.

രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ, രാഷ്ട്രീയമായ ജനാധിപത്യത്തിന്റെ കഥയാണീ കണ്ടതു്. സാമ്പത്തിക രംഗത്തേക്കു തിരിയുമ്പോൾ ഇത്രതന്നെ ആക്ഷേപങ്ങൾ പുറപ്പെട്ടു കാണുന്നില്ല. റഷ്യൻ സാധാരണക്കാരന്റെ സാമ്പത്തിക നില മുതലാളിത്ത രാഷ്ട്രങ്ങളേക്കാൾ മെച്ചപ്പെട്ടതാണെന്ന് തലകുലുക്കി സമ്മതിക്കാത്തവർ ഇന്നു ദുർല്ലഭമാണ്. വൻകിടവ്യവസായങ്ങളും ഗതാഗതവും പൊതുവുടമയിലാണ്. ഉൽപാദനം ഉപഭോക്താക്കളുടെ ആവശ്യത്തെ മുൻനിർത്തി—ലാഭത്തെ മുൻനിത്തി—ക്രമീകൃതമായിരിക്കുന്നു. തൊഴിലില്ലായ്മയും പട്ടിണിയും ഇന്നത്തെ റഷ്യയിൽ ഇല്ലെന്നുതന്നെ പറയാം സാമ്പത്തികമായ ചൂഷണം ഒരു പഴയ കഥയായി മാറിയിരിക്കുന്നു. ഇതെല്ലാം സ്റ്റാലിനിസത്തിന്റെ നേട്ടങ്ങളാണ്". നിഷേധിക്കാനരുതാത്ത ആരേയും അമ്പരപ്പിക്കുന്ന, നേട്ടങ്ങളാണ്. ഒരു തരത്തിൽ, സോഷ്യലിസത്തിന്റെ ഭാഗികമായ വിജയമാണ് "സ്റ്റാക്കനോവിസ"ത്തെ സംബന്ധിച്ചും മററും ചിലർക്കു ആക്ഷേപമുണ്ടെന്നതു ശരിതന്നെ. സോഷ്യലിസ്റ്റ് സമുദായം ആക്ഷേപരഹിതമായിരിക്കണമെന്നു മാർക്സ് നിർബന്ധിച്ചിട്ടുണ്ടോ, ആവോ.

സർവ്വലോക കമ്മ്യൂണിസവും സ്റ്റാലിനിസവുമായുള്ള ബന്ധത്തെപ്പററി പലതും പറഞ്ഞു കേൾക്കാനുണ്ട്. അന്താരാഷ്ട്രീയ വാദങ്ങളെല്ലാം കുഴിച്ചുമൂടി ഇടുങ്ങിയ ദേശീയത്വത്തിലേക്കു മടങ്ങിച്ചെന്നിരിക്കയാണ് സ്റ്റാലിൻ എന്ന് "നാലാം ദേശാന്തരവാദി"കൾ ആക്ഷേപിക്കുന്നു. ദേശാന്തരവാദത്തിൽനിന്നുള്ള പിൻമടക്കം താൽക്കാലികം മാത്രമാണെന്നും അടുത്ത അവസരത്തെത്തന്നെ ഒരു സർവ്വലോക വിപ്ലവത്തിന്നുവേണ്ടി ഉപയോഗപ്പെടുത്തുവാൻ റഷ്യ മുന്നോട്ടുവരുമെന്നും മററു ചിലർ ആശ്വാസംകൊള്ളുന്നു. സ്റ്റാലിൻ അതിന്നു ധൈര്യപ്പെടുകയില്ലെന്നും, പക്ഷെ, കുറെക്കൂടി പുരോഗമനപരമായ ഒരഭിപ്രായഗതി അദ്ദേഹത്തിന്റെമേൽ വിജയം വരിച്ചു് റഷ്യയെ മുന്നോട്ടു കൊണ്ടുപോകുമെന്നും ഏതാനും ചിലർ പ്രവചിക്കുന്നു. സോവിയററ് റഷ്യയെ സംബന്ധിച്ച ഏററവും വിശ്വാസയോഗ്യമായ അഭിപ്രായം പ്രകടിപ്പിക്കുവാൻ ത്രാണിയുള്ളതു് മാർഷൽ സ്റ്റാലിന്നാണെന്നു മാത്രമേ ഈയവസരത്തിൽ ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നുള്ളൂ.

---

* ഉടനെ പ്രസിദ്ധം ചെയ്യുവാനുദ്ദേശിക്കുന്ന "വിപ്ലവത്തിന്റെ ഉരുക്കുമൂശയിൽ" എന്ന ഗ്രന്ഥത്തിന്റെ ഒരു ഭാഗം.


VISIT

KORNAD HOUSE

For

Silk Sarees, Cotton Sarees, Coimbatore Sarees and Blouse Pieces and all Sort of handloom goods.

VALANJAMBALAM, ERNAKULAM.

# ജനകീയഗവൎമ്മെണ്ടിനെ ധിക്കരിച്ചുകൊണ്ടു

## ടെക്സ്റ്റൈൽ മില്ലുകൾ പൂട്ടിയിടുന്നു

മദിരാശി സംസ്ഥാനത്തിലെ ടെക്സ്റ്റൈൽ തൊഴിലാളികൾ ജീവിതക്കൂലിക്കും മാനമായ തൊഴിൽ സൌകൎയ്യങ്ങൾക്കും വേണ്ടി 1946 ൽ വമ്പിച്ച പണിമുടക്കു സമരങ്ങൾ നടത്തി. കോയമ്പത്തൂരിൽ അനേകം തൊഴിലാളികൾ ഈ സമരങ്ങളിൽ രക്തസാക്ഷികളായി. ആയിരക്കണക്കിനു തൊഴിലാളികൾ ജയിലിലടക്കപ്പെട്ടു. എത്രയോപേൎക്കു മൃഗീയമായ പോലീസ്'=ഗുണ്ടാമർദ്ദനമേല്ക്കേണ്ടിവന്നു.

ഈ സമരങ്ങളുടെ ഫലമായി കോൺഗ്രസ്സ് മന്ത്രിസഭ കഴിഞ്ഞകൊല്ലം ടെക്സ്റ്റൈൽ വ്യവസായത്തിൽ ഒരു അന്വേഷണക്കോടതി നിശ്ചയിച്ചു വെങ്കിട്ടരാമയ്യ അവാർഡ് എന്നറിയപ്പെടുന്ന പ്രസ്തുക കോടതിയുടെ ശുപാർശകൾ 1947 ജൂൺ മാസത്തിൽ പ്രസിദ്ധപ്പെടുത്തി. 1947 ഏപ്രിൽ 1=ാം നു- മുതൽ ഈ ശുപാർശകൾ നടപ്പിൽവരുത്തണമെന്നു തൊഴിലാളികളേയും മുതലാളിമാരേയും ശാസിച്ചുകൊണ്ടു ഗവർമ്മെണ്ടു ഉത്തരവിട്ടു.

അവാർഡിലെ പ്രധാന ശുപാർശകൾ താഴെ പറയുന്നവയാണ്:

* മാരോ അവിദഗ്ദ്ധ തൊഴിലാളിക്കും ദിവസത്തിൽ 1 ക—മാസത്തിൽ 26 ക = ആയിരിക്കണം ഏററവും ചുരുങ്ങിയ കൂലി.

* ക്ഷാമബത്ത ജീവിതച്ചിലവിന്റെ ഇൻഡക്സിൽ മാരോ പോയിന്റിനും ചിലയിടത്തു 3 ണയും ചിലയിടത്തു 2 ണ 6 പയും ആയിരിക്കണം

ഈ ശുപാർശകൾ തൊഴിലാളികളുടെ മുഴുവൻ ആവശ്യങ്ങളേയും തൃപ്തിപ്പെടുത്തിയിട്ടില്ല. ഗവർമ്മെണ്ടിന്റെ ഒക്ടോബർ 17=ാം നു- ത്തെ പ്രസ്താവനയിൽ സൂചിപ്പിക്കുന്നപോലെ "മുതലാളിമാരോടും വ്യവസായത്തോടും തൊഴിലാളികളോടും ഒരേവിധം നീതി ചെയ്യുന്ന" ശുപാർശകൾ മാത്രമാണിവ.

### ഗവർമ്മെണ്ടു വിധിയെ തകിടംമറിക്കാൻ

എങ്കിലും ഈ ശുപാർശകളെപ്പോലും തകിടം മറിക്കാനാണ്, അങ്ങനെ യുദ്ധകാലത്തെ തങ്ങളുടെ കൊള്ളലാഭം തുടരാനും തൊഴിലാളികളെ പട്ടിണിക്കിടക്കാനുമാണ്, ടെക്സ്റ്റൈൽ മില്ലുടമകൾ പ്ലാനിട്ടത്. 1947 ആഗസ്റ്റ് 4=ാംനു- ചേർന്ന തെന്നിന്ത്യാമില്ലുടമസ്ഥസംഘം ഈ ശുപാർശകൾ നടപ്പിൽ വരുത്തണമെന്ന ഗവർമ്മെണ്ടു കൽപ്പനയെ പുല്ലുപോലെ ഗണിച്ചു. ഇവ നടപ്പിൽ വരുത്തുന്ന കാൎയ്യം നിശ്ചിതമായ ഒരു തീയതിയ്ക്കു നീട്ടിവെച്ചു.

തൊഴിലാളികളുടെ നിരന്തര പ്രക്ഷോഭത്തിന്റെ ഫലമായി എല്ലാ തൊഴിലാളികൾക്കും ദിവസത്തിൽ 1 ക. അടിസ്ഥാനക്കൂലി 1947 സപ്റ്റമ്പർ 27—ാം നു- മുതൽ അനുവദിക്കാൻ മുതലാളിമാർ നിർബ്ബന്ധിതരായി. എങ്കിലും വിദഗ്ദ്ധതൊഴിലാളികൾക്കു മുമ്പു കിട്ടിവന്നിരുന്നകൂലിക്കൂടുതലിന്റെ തോതു വർദ്ധിപ്പിക്കാതെ അവാർഡു ധിക്കരിക്കുക തന്നെയാണു മുതലാളിമാർ ചെയ്തിരുന്നതു്.

ഇതോടൊപ്പം തുണിക്കും നൂലിനും വിലകൂട്ടുകയോ നിയന്ത്രണം എടുത്തുകളയുകയോ ചെയ്യണമെന്നു മുതലാളിമാർ ആവശ്യപ്പെട്ടു. ഇതു ചെയ്യാത്ത പക്ഷം തങ്ങൾക്കു താങ്ങാനാവാത്ത നഷ്ടം വരുമെന്നായിരുന്നു അവരുടെ വാദം. കേന്ദ്രഗവർമ്മെണ്ടിലുള്ള മുതലാളി ഏജൻറമാരായ ഷണ്മുഖം ചെട്ടിയും ഭാഭയും ശ്യാമപ്രസാദും മുതലാളിമാരുടെ വാദത്തിനു ഏസ്സു മൂളി. 30=ാം നമ്പർ മുതൽ മേലോട്ടുള്ള നൂലിനും അതുകൊണ്ടു നെയ്യുന്ന തുണിക്കും വില കൂടുതലാക്കാനും പ്രവൃത്തിസമയം 9 മണിക്കൂറാക്കാനും ഉള്ള ഒരു പദ്ധതി അവർ കൊണ്ടുവന്നു. നാട്ടുകാരുടെ ശക്തിമത്തായ എതിർപ്പു മൂലം ആ പദ്ധതി ഇന്നും നടപ്പായിട്ടില്ല. എങ്കിലും ഏതാനും ചില തുണിത്തരങ്ങളുടെ നിയന്ത്രണവും റേഷനിങ്ങും ഗവർമ്മെണ്ടു റദ്ദ്'ചെയ്തു കൊടുത്തിട്ടുണ്ടു്.

മുതലാളിമാർ ഇവിടംകൊണ്ടു തങ്ങളുടെ അധികാരം നിൎത്തിയില്ല. വെങ്കിട്ടരാമയ്യ അവാർഡ് നടപ്പിൽ വരുത്തുകയും തുണിയുടേയും നൂലിന്റെയും ഇന്നത്തെ വിലത്തോതും മില്ലുകളിലെ ഇന്നത്തെ ജോലിസമയവും തുടരുകയും ചെയ്യുന്നപക്ഷം ത

ങ്ങൾക്കു ഭയങ്കരമായ നഷ്ടം വരുമെന്നതിനാൽ മില്ലുകൾ പൂട്ടിയിടുമെന്നു അവർ ഭീഷണിപ്പെടുത്തി. കോയമ്പത്തൂരിലെ 15 മില്ലുകളിലും മലബാറിലെ തിരുവണ്ണൂർ കോട്ടൺമില്ലിലും മില്ലു പൂട്ടിയിടുന്നതിനുള്ള നോട്ടീസ്സു പ്രത്യക്ഷപ്പെട്ടു.

മില്ലു പൂട്ടുന്നതിന്നെതിരായി കർശനനടപടികൾ എടുക്കാൻ മദിരാശി ഗവർമ്മെണ്ടോ ഇന്ത്യാ ഗവർമ്മെണ്ടോ മുന്നോട്ടുവന്നിട്ടില്ല. ഒക്ടോബർ 17-ാംനു മദി: ഗവർമ്മെണ്ടു ഒരു പ്രസ്താവന പുറപ്പെടുവിച്ചു മില്ലുകൾ പൂട്ടിയിടരുതെന്നു മില്ലുടമകളോടു നിർദ്ദേശിക്കുന്ന ഒരു പ്രസ്താവന മാത്രമാണിതു്. മില്ലു പൂട്ടിയാൽ ശിക്ഷ വളരെ നിസ്സാരമാണെന്നു കണ്ടിട്ടായിരിക്കുമോ മില്ലുടമകൾ മില്ലു പൂട്ടുന്നതെന്നുപോലും ഗവർമ്മെണ്ടു സംശയിക്കുന്നുണ്ടു്. ഗവർമ്മെണ്ടിന്റെ വിധിയെ തകിടംമറിക്കാനും വസ്ത്രക്ഷാമം മൂപ്പിക്കാനും തങ്ങളുടെ കൊള്ളലാഭം തുടരാനുമുള്ള മുതലാളിമാരുടെ ഈ കുതന്ത്രത്തിന്നെതിരായി ഓർഡിനൻസു പാസ്സാക്കണമെന്ന ബഹുജനാവശ്യത്തെ ഗവർമ്മെണ്ടിനിയും മാനിച്ചിട്ടില്ല.

## നഷ്ടമെന്നവാദം പച്ചക്കള്ളം

തിരുവണ്ണൂർ കോട്ടൺമിൽ നവമ്പർ 11-ാംനു മുതൽ പൂട്ടിക്കിടക്കുകയാണു്. ദിവസംതോറും 5500 റാത്തൽ നൂലാണിതുമൂലം നഷ്ടപ്പെടുന്നതു്. 700 തൊഴിലാളി കുടുംബങ്ങളാണു പട്ടിണിയായിട്ടുള്ളതു് കോയമ്പത്തൂരിലും ചില മില്ലുകൾ പൂട്ടിക്കഴിഞ്ഞു. വേറെചിലതു പൂട്ടാൻ പോകുന്നുണ്ടു,.

വ്യവസായത്തെ സ്തംഭനത്തിലേക്കും തൊഴിലാളികളെ പട്ടിണിയിലേക്കും നാട്ടുകാരെയാകെ നഗ്നതയിലേക്കും തള്ളിവിട്ടുകൊണ്ടു ഇങ്ങനെ മില്ലു പൂട്ടുന്നതിന്റെ കാരണം തങ്ങൾക്കു നഷ്ടം വരുന്നുവെന്നതാണെന്നാണല്ലോ മുതലാളിമാർ പറയുന്നതു്. ഗവർമ്മെണ്ടു ഈ മില്ലുടമകളുടെ കണക്കുകൾ പരിശോധിക്കട്ടെ. അപ്പോളറിയാം കള്ളി.

തിരുവണ്ണൂർ കോട്ടൺമില്ലിന്റെ മൂലധനം 6 ലക്ഷം ക. യാണു്. '43 മുതൽ '45വരെയുള്ള കൊല്ലങ്ങളിൽ പലയിനങ്ങളിലായി കൊല്ലംതോറും ഈ കമ്പനിക്കുകിട്ടിയിട്ടുള്ള ശരാശരി ലാഭം 17,08,289ക. 9ണ. 4പ. യാണു്. ഉല്പാദനം ഏററവുമധികം വർദ്ധിച്ചിരുന്ന കാലഘട്ടമാണിതു്. '42 നവമ്പർ വരെ ഉല്പാദനം 8 മണിക്കൂറിൽ 4888 റാത്തൽ നൂലായിരുന്നു. '43ൽ തൊഴിലാളികൾ സമർപ്പിച്ച കൂടുതലുല്പാദനത്തിന്നുള്ള പദ്ധതി മുതലാളി അംഗീ


# ശ്രീ. പോഞ്ഞിക്കര റാഫിയുടെ കൃതികൾ

ഭാവി--ചെറുകഥകൾ: സ്വർണ്ണവച്ചു്, ഉപദേശി, ശൗരിയുടെ പ്രേതം, പെരുവഴിയിൽ, ഭാവി, വെളിച്ചത്തിൽ
1=0=0

സൈക്കിൾ--സൈക്കിൾ, റെജീനായുടെ മരണം, ത്യാഗിനി, സ്റ്റേഷനിലേയ്ക്കു, മണിയാർഡർ, ആശാവശീരം, തിരിച്ചെത്തിയപ്പോൾ
1=0=0

അപ്പന്റെ അന്തകൻ--തിരമാലകൾ ജ്ഞാനസ്നാനം, മായാത്ത ചിത്രങ്ങൾ, അപ്പന്റെ അന്തകൻ
0=8-0

തുറന്നവാതിൽ--അവർ യോജിച്ചു, വേദനകൾ; ഒരു കഴുന്ത് ഭാര്യയുടെ ജാരൻ, ഭാഗവതർ കററിക്കാട്ടു്, മാങ്ങാത്തൊലി
1-4=0

മത്തായി മാസ്റ്റർ--ഗ്രാൻറസ്സൂൾ അദ്ധ്യാപകന്റെ ദയനീയ ജീവിതത്തെ പശ്ചാത്തലമാക്കിക്കൊണ്ടുള്ള ഒരു ഏകാങ്കനാടകം. വാർഷികയോഗങ്ങളിൽ അഭിനയിക്കുവാൻ പററും
0-12-0

ആവശ്യപ്പെടുക:

മംഗളോദയം ലിമിററഡ്
തൃശ്ശൂർ

കേരളഭൂമി ബുക്കുസ്റ്റാൾ
തൃശ്ശൂർ

# ഫീസ് വർദ്ധനവിന്നെതിരായി വിദ്യാർത്ഥികളുടെ യോജിച്ച സമരം

## ഉദയത്തിന്റെ മലബാർ ലേഖകൻ

മദിരാശിസംസ്ഥാനത്തിലാകെ ഇക്കൊല്ലംമുതൽ വിദ്യാർത്ഥികളുടെ ഫീസു വർദ്ധിപ്പിച്ചിരിക്കയാണു് അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കാനാണു ഈ വർദ്ധനവെന്നാണു ഗവർമ്മെണ്ടുപക്ഷോക്താക്കൾ ആദ്യം പറഞ്ഞിരുന്നതു്. പക്ഷേ; അതിന്നു ഫീസു വർദ്ധിപ്പിക്കുകയല്ല, പണക്കാരുടെമേൽ പുരോഗമനപരമായ നികുതികൾ ചുമത്തുകയാണു വേണ്ടതെന്നു വിദ്യാർത്ഥികളും നാട്ടുകാരും ഉച്ചത്തിൽ പ്രഖ്യാപിച്ചു. വിദ്യാർത്ഥികൾ പലയിടത്തും പഠിപ്പുമുടക്കം നടത്തി; വിദ്യാഭ്യാസാധികൃതന്മാർക്കും നിവേദനങ്ങൾ സമർപ്പിച്ചു; പൊതുയോഗങ്ങൾ ചേർന്നു പ്രമേയം പാസാക്കി; ബഹുജനപിൻബലം നേടി. പക്ഷെ, ഗവർമ്മെണ്ടു വർദ്ധിപ്പിച്ച ഫീസു കുറക്കാൻ തയ്യാറായില്ല.

പിന്നീടു ഒക്ടോബർ 1-ാംനു മദ്യനിരോധംവന്നു. ഇതുമൂലം കോടിക്കണക്കിൽ പണം ഗവർമ്മെണ്ടിന്നു നഷ്ടമുണ്ടെന്നും അതുകൊണ്ടു ഫീസു ചുരുക്കാൻ നിവൃത്തിയില്ലെന്നും മന്ത്രിമാർ നാടുമുഴുവൻ നടന്നുപറഞ്ഞു. ഈയവസരത്തിലും പണമുണ്ടാക്കാൻ നാട്ടുകാർ മുന്നോട്ടുകൊണ്ടുവന്ന പുരോഗമനപരമായ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ഗവർമ്മെണ്ടു ഒരുങ്ങിയില്ല.

എന്നാൽ വർദ്ധിപ്പിച്ച ഫീസു ചുരുക്കുക. വിദ്യാഭ്യാസം സാർവത്രികമാക്കുക, സാമ്രാജ്യത്വവിദ്യാഭ്യാസപദ്ധതി നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി വിദ്യാർത്ഥികൾ-എല്ലാ വിഭാഗത്തിലും പെട്ടവർ-അവിശ്രമം സമരം ചെയ്യാനാണു തീരുമാനിച്ചിട്ടുള്ളതു്. വരുന്ന നവമ്പർ 18-ാംനു മലബാറിൽ പൊതുമലബാർ പഠിപ്പുമുടക്കംനടത്താൻ വിദ്യാർത്ഥി കോൺഗ്രസ്സു് ആഹ്വാനം നൽകിയിരിക്കുന്നു. മററു വിദ്യാർത്ഥിസംഘടനകളുമായി യോജിച്ചു പഠിപ്പുമുടക്കം സംഘടിപ്പിക്കാൻ അങ്ങേയററംവരെ ശ്രമിക്കണമെന്നു വിദ്യാർത്ഥികോൺഗ്രസ്സു പ്രത്യേകം ഉൽബോധിപ്പിച്ചിട്ടുണ്ടു്.

ഈ ആഹ്വാനത്തെ സ്വാഗതംചെയ്തുകൊണ്ടും പഠിപ്പുമുടക്കം വിജയിപ്പിക്കാനഭ്യർത്ഥിച്ചുകൊണ്ടും മലബാർ വിദ്യാർത്ഥി ഫെഡറേഷനും മുസ്ലിം വിദ്യാർത്ഥിഫെഡറേഷനും പത്രപ്രസ്താവനകൾ ഇറക്കിയിട്ടുണ്ടു്. യോജിച്ച സമരത്തിലൂടെ സംഘടനകൾ തമ്മിലും യോജിച്ചു് ഏകീകൃതമായ ഒരു വിദ്യാർത്ഥി പ്രസ്ഥാനം പടുത്തു കാണ്മാൻ വിദ്യാർത്ഥിഫെഡറേഷൻ പ്രത്യേകിച്ചും ആഹ്വാനം നൽകിയിരിക്കുന്നു.

കരിച്ചതിന്റെ ഫലമായി ദിവസത്തിൽ (8 മണിക്കൂറിൽ) 6664 റാത്തൽ നൂൽ ഉല്പാദിപ്പിച്ചിരുന്നു. 43 നവമ്പറിന്നുശേഷം മുതലാളി ഉല്പാദനം കരുതിക്കൂട്ടി കുറച്ചു. ഇന്നു മില്ലുപൂട്ടുന്ന കാലത്തെ ഉല്പാദനം 8 മണിക്കൂറിൽ 5500 റാത്തൽ നൂലാണു്.

വെങ്കിട്ടരാമയ്യ അവാർഡിൽ പറയുന്ന ശുപാർശകൾ നടപ്പിൽ വരുത്തിയാൽ ചിലവു് കുറച്ചുവർദ്ധിക്കുമെന്നതു വാസ്തവമാണു് എങ്കിലും നല്ല ഒരു തുക മുതലാളിമാർക്കു ലാഭം കിട്ടുന്നതാണു്.

മാത്രമല്ല ഉല്പാദനം വർദ്ധിക്കാൻ തൊഴിലാളികൾ പരിപാടി വെച്ചിട്ടുണ്ടു്. പഴകിദ്രവിച്ച മെഷീനുകൾ മാററുക കേടുവന്ന പരുത്തി കള്ളത്തരമായി കൂടുതൽ വിലക്കു വാങ്ങാതിരിക്കുക, പഞ്ഞി സ്റ്റോക്കുചെയ്യുന്ന ഷെഡ്ഡ്, മിൽക്കെട്ടിടവും മഴപെയ്യുമ്പോൾ ചോർന്നൊലിക്കാത്തതാക്കുക, 150കയുടെ വേസ്റ്റ്പരുത്തി 12ക.ക്കു വില്ക്കും തിരിക്കുക തുടങ്ങിയവ ഈ പരിപാടിയിൽ ഉൾപ്പെടും

ടെക്സ്റ്റൈൽ മുതലാളിമാരുടെ തനി ധിക്കാരമാണു അവരുടെ മില്ലുപൂട്ടൽ പരിപാടി. ഇതു തടയാൻ ഉടനടി ഗവർമ്മെണ്ടു താഴെ കാണുന്ന നടപടികൾ സ്വീകരിച്ചേ മതിയാവൂ:

* മില്ലുപൂട്ടുന്നതിന്നെതിരായി ഓർഡിനൻസു പാസ്സാക്കണം.

* പൂട്ടുന്ന മില്ലുകൾ ഗവർമ്മെണ്ടു ഏറെറടുത്തു നടത്തണം.

* മില്ലുപൂട്ടുന്ന മുതലാളിമാരെ കർശനമായി ശിക്ഷിക്കണം.

* തൊഴിലാളികളുടെ പരിപാടി സ്വീകരിച്ചും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അവാർഡു നടപ്പാക്കിയും ഉല്പാദനം വർദ്ധിപ്പിക്കണം.

### ബീഡി—ചുരുട്ടു മുതലാളിമാർ ടെക്സ്റ്റൈൽ മുതലാളിമാരുടെ പിന്നാലെ

'46 ഒക്ടോബർ 21-ാംനു മലബാറിലേയും തെക്കൻ കർണ്ണാടകത്തിലേയും ബീഡി-ചുരുട്ടു തൊഴിലാളികൾ പൊതുപണിമുടക്കം പ്രഖ്യാപിച്ചു

56 ദിവസം നീണ്ടുനിന്ന പണിമുടക്കം മലബാറിലെ തൊഴിലാളി സമരങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു.

വടകര, തലശ്ശേരി, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിൽ എം. എസ്സ്. പി. യും റിസർവ്വ് പോലീസ്സും തൊഴിലാളികളുടെ നേരെ മൃഗീയമർദ്ദനമഴിച്ചുവിട്ടു 400 ൽ പരം തൊഴിലാളികൾ ജയിലിലടക്കപ്പെട്ടു എത്രയോ പേർക്കു പോലീസ്=ഗുണ്ടാമർദ്ദനം സഹിക്കേണ്ടിവന്നു പലയിടത്തും ലാത്തിച്ചാർജ്ജുകൾ നടന്നു. പ്രസ്തുത പണിമുടക്കം സംബന്ധിച്ചു എത്രയോ തൊഴിലാളികൾ ഇന്നും ജയിലിലുണ്ട്, എത്രയോ കേസ്സുകൾ ഇന്നും കോടതിയിൽ നിലവിലുണ്ട്.

ഗവർമ്മെണ്ടു ബീഡി=ചുരുട്ടു വ്യവസായത്തിൽ അഡ്ജൂഡിക്കേഷൻ നിശ്ചയിച്ചതിനെ തുടർന്നാണു പണിമുടക്കം പിൻവലിച്ചതു്. പണിമുടക്കം പിൻവലിച്ചതിനു ശേഷവും ഒട്ടേറെ ഫാക്ടറികളിൽ ലോക്കൌട്ടു തുടർന്നു. പലരേയും പിരിച്ചുവിട്ടു; അറസ്റ്റും മർദ്ദനവും നടന്നു. എന്നാൽ അഡ്ജൂഡിക്കേഷൻ വിധി പരസ്യപ്പെടുത്തുന്നതുവരെ തൊഴിലാളികൾ ക്ഷമാപൂർവ്വം കാത്തുനിന്നു.

അഡ്ജൂഡിക്കേഷൻ വിധിപ്രകാരം ബീഡി-ചുരുട്ടുതൊഴിലാളികൾക്കു 2 കൊല്ലത്തേക്കു 2 മാസത്തെ ബോണസ്സും ചില്ലറക്കൂലിക്കൂട്ടതലും കിട്ടേണ്ടതായിരുന്നു. എന്നാൽ അവാർഡു പ്രസിദ്ധപ്പെടുത്തി, ഗവർമ്മെണ്ടംഗീകരിച്ചു, നടപ്പിൽ വരുത്താൻ ആജ്ഞാപിച്ചിട്ടു് മാസങ്ങൾതന്നെ കഴിഞ്ഞിട്ടും അതു നടപ്പിൽ വരുത്താൻ മുതലാളിമാർ തയ്യാറായില്ല. എന്നുമാത്രമല്ല, ലോക്കൌട്ടും പിരിച്ചുവിടലും പണി കൊടുക്കാതിരിക്കലും മററും നിർബാധം തുടർന്നുവന്നു.

ഇതിൽ പ്രതിഷേധിക്കാനും അഡ്ജൂഡിക്കേഷൻ അവാർഡ് ഉടൻ നടപ്പിൽ വരുത്തിക്കാനും വേണ്ടി ഇക്കഴിഞ്ഞ ഒക്ടോബർ 28—ാംനു- മലബാറിലേയും തെക്കൻ കർണ്ണാടകത്തിലേയും ബീഡി—ചുരുട്ടു തൊഴിലാളികൾ പൊതു പണിമുടക്കം നടത്തുകയുണ്ടായി. മുസ്ലീംലേബർയൂണിയനും ട്രേഡ്'യൂണിയനും ലേബർകോൺഗ്രസ്സും യോജിച്ചാണ് മിക്ക സ്ഥലങ്ങളിലും പൊതുപണിമുടക്കം സംഘടിപ്പിച്ചതു്. കൊണ്ടോടിതുടങ്ങിയ ചില സ്ഥലങ്ങളിൽമാത്രം ചിലർ ഭിന്നിപ്പിക്കൽ പരിശ്രമങ്ങൾ നടത്തി.

ഒക്ടോബർ 28=ാംനു-ത്തെ പൊതു പണിമുടക്കം ബീഡി=ചുരുട്ടുമുതലാളിമാർക്കു ഒരു താക്കീതാണ്; ടെക്സ്റ്റൈൽ മുതലാളികൾ മില്ലുപൂട്ടി കഴപ്പമുണ്ടാക്കുന്നതുപോലെ അഡ്ജൂഡിക്കേഷൻ അവാർഡു ലംഘിച്ചും തൊഴിലാളികളെ മർദ്ദിച്ചും തങ്ങളുടെ കൊള്ളലാഭം തുടരാമെന്ന ബീഡി—ചുരുട്ടു മുതലാളിമാരുടെ മോഹം പൊളിക്കുമെന്നുതൊഴിലാളികൾ പ്രഖ്യാപിച്ചിരിക്കുന്നു. വേണ്ടിവന്നാൽ, കഴിഞ്ഞ കൊല്ലത്തെപ്പോലെ, എന്നാൽ അതിലധികം സംഘടിതമായും ബഹുജനപിൻബലത്തോടു കൂടിയും, ഒരു പൊതു പണിമുടക്കം പ്രഖ്യാപിക്കാനുള്ള തയ്യാറെടുക്കലാണ് ഒക്ടോബർ 28=ാംനു- നടക്കുന്നതു്.

## സർവത്രലോക്കൌട്ട് സ്പെക്ടേററർപ്രസ്സിൽ

കോഴിക്കോട്ടു സ്പെക്ടേററർപ്രസ്സിൽ 14 തൊഴിലാളികളാണു പണിയെടുക്കുന്നതു്. 10 തൊഴിലാളികളിൽമീതെ പണിയെടുക്കുന്ന സ്ഥാപനങ്ങൾ ഫാക്ടറി ആക്ടിൽപെടും; ഫാക്ടറി ആക്ട്പ്രകാരമുള്ള ആനുകൂല്യങ്ങൾക്കു തൊഴിലാളികൾക്കവകാശമുണ്ടു്. ഈ പ്രസ്സിന്റെ ഉടമസ്ഥൻ കല്ലാട്ടു രാഘവൻ, ജന്തുഹിംസാവിരോധസംഘത്തിലെ ഒരു പ്രമുഖ പ്രവർത്തകനാണു്. മൃഗങ്ങളേയും പക്ഷികളേയും മററും ദ്രോഹിക്കുന്നതിനെ തടയാനുള്ള സ്ഥാപനമാണിതു്. എന്നാൽ ഇയാൾക്കു മനുഷ്യരോടു ദയ കുറവാണ്. ഫാക്ടറി ആക്ടിൽനിന്നു ഇതുവരെ രക്ഷപ്പെട്ടുനിന്ന ഇയാൾ ഇപ്പോൾ പ്രസ്തുഫാക്ടറി ആക്ടിൽ നിന്നൊഴിവാക്കിക്കിട്ടാൻവേണ്ടി 4 തൊഴിലാളികളെ പിരിച്ചുവിട്ടിരിക്കുന്നു. ഫാക്ടറി ഇൻസ്പെക്ടർ എന്ന ഗവർമ്മെണ്ടുദ്യോഗസ്ഥനെ ഉയാൾ കൈക്കൂലികൊടുത്തു സ്വാധീനിച്ചിട്ടുമുണ്ടു്. പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കണം, പ്രസ്തുഫാക്ടറി ആക്ടിൽ പെടുത്തണമെന്ന ആവശ്യത്തിന്മേൽ മുഴവൻ തൊഴിലാളികളും ഇരുന്നു പണിമുടക്കം നടത്തി. പോലീസ് വന്നു ഏതാനും തൊഴിലാളികളെ അറസ്റ്റ്ചെയ്തു; എല്ലാവരേയും പ്രസ്സിൽ നിന്നു പുറത്താക്കി. ഉടമസ്ഥൻ പ്രസ്സു പൂട്ടുകയും ചെയ്തു. ഇന്നേക്കു 12 ദിവസമായി അവിടെ ലോക്കൌട്ടു തുടരുന്നു.

## ആഞ്ജനേയ ഹോട്ടലിൽ

കോഴിക്കോട്ടു ആഞ്ജനേയവിലാസം ഹോട്ടലിന്റെ ഉടമസ്ഥന്മാരിലൊരാളായ സുബ്രഹ്മണ്യയ്യർ ഹോട്ടലിലെ ഒരു തൊഴിലാളിയായ കൃഷ്ണയ്യരെ തന്റെ ഇരുമ്പു പീടികയിൽ വിളിച്ചു വരുത്തിമൃഗീയമായിമർദ്ദിച്ചു. മൂക്കിൽനിന്നു ചോരയൊലിപ്പിച്ചു കൊണ്ടുവന്ന കൃഷ്ണയ്യരെ മററു തൊഴിലാളികൾ ആസ്പത്രിയിൽ കൊണ്ടുപോയാക്കി. 20 മിനുട്ടുകഴിഞ്ഞു മടങ്ങിവന്നപ്പോൾ ഹോട്ടൽ ലോക്കൌട്ടു ചെയ്തിരിക്കുന്നതായി കണ്ടു. ഈ കഴപ്പം രൊാഴ്ചയിലധികമായി നിണ്ടുനിൽക്കുന്നു.

## വടകര ചുരുട്ടു ഫാക്ടറിയിൽ

വടകര റഹമാനിയാ ചുരുട്ടു ഫാക്ടറിയിൽ തൊഴിലാളികൾക്കു അഡ്ജൂഡിക്കേഷൻ അവാർഡനുസരിച്ചുള്ള

(ശേഷം 19=ാംപേജിൽ)

# മനമില്ലാഡോക്ടർ

(10=ാംപേജ് തുടർച്ച)

രംഗം 4

മാർട്ടീ: (സ്വഗതം) സമാധാനപ്പെട്ടുവെന്നു് എത്ര നടിച്ചാലും ഞാനിതു മറക്കുകയില്ല. എനിക്കു കിട്ടിയ തല്ലിനു് തന്നോടു് പകരം ചോദിച്ചേ ഞാനടങ്ങൂ. ഒരു ഭാര്യയ്ക്കു് ഭർത്താവിനോടു പ്രതികാരം ചെയ്യാനുള്ള വഴിയെന്താണെന്നു് എനിയ്ക്കറിയാം പക്ഷെ ആ വഴിയ്ക്കു് പോയാൽ എന്റെ തടിമാടനു് യാതൊരു കുലുക്കവുമുണ്ടാകയില്ല. അയാളുടെ ദേഹത്തിൽകൊണ്ടേ അയാൾ പഠിയ്ക്കൂ. ദുർമ്മാർഗ്ഗത്തിൽ പോയതുകൊണ്ടു്, എനിയ്ക്കു കിട്ടിയ തല്ലിനു തക്ക പ്രതികാരമാകയില്ല.

(ലൂക്കാസും വലേറിയും പ്രവേശിക്കുന്നു)

രംഗം 5

ലൂക്കാസ്: (മാർട്ടിയെ കാണുന്നതിനുമുൻപു് വലേറിയോടു്) എന്തൊരു നാശംപിടിച്ച ജോലിക്കാണു് ഇറങ്ങിപ്പുറപ്പെട്ടതു്! അതിന്റെ ഫലം എന്താണോ ആരു കണ്ടു?

വലേറി: (മാർട്ടിയേക്കാണുന്നതിനു മുൻപു്) എന്തു ചെയ്യും, ചിററപ്പാ? നമുക്കു നമ്മുടെ എമാന്റെ കല്പന അനുസരിക്കണ്ടേ? എന്നുതന്നെയല്ല എമാന്റെ മകളുടെ ആരോഗ്യത്തിൽ നമുക്കു താൽപ്പര്യമില്ലേ? ഈ സുഖക്കേടുകൊണ്ടാണല്ലോ കൊച്ചമ്മയുടെ കല്യാണം നീണ്ടുപോയതു്. കല്യാണം നടക്കുമ്പോൾ, നമുക്കു തക്ക സമ്മാനം കിട്ടാതിരിക്കയില്ല. അതുതന്നെയുമല്ല, കൊച്ചമ്മയെ കെട്ടാൻ പോകുന്ന ഹോറസ്സു് നല്ല ഔദാര്യമുള്ള മനുഷ്യനാണു്. കൊച്ചമ്മയുടെ സുഖക്കേടുകൊണ്ടു അയാൾ വളരെ കുണ്ഠിതപ്പെട്ടിരിക്കയാണു്. കൊച്ചമ്മയ്ക്കു്; "ലിയാണ്ടർ" എന്ന ഒരു ചെറുപ്പക്കാരനോടു് കുറേ താൽപര്യമാണെങ്കിലും, അയാളെ വിവാഹം ചെയ്യാൻ എമാൻ കൊച്ചമ്മയേ ഒരിക്കലും സമ്മതിക്കയില്ലെന്നു്, ചിററപ്പനറിയാമല്ലോ.

മാർട്ടി: (ഇരുവരേയുംകാണുന്നതിനു മുൻപു് സ്വഗതം) പകരംവീട്ടാനുള്ള ഒരു വഴി എനിക്കു തോന്നാതിരിക്കുമോ?

ലൂക്കാ: (വലേറിയോടു്) ഡോക്ടർമ്മാർ എല്ലാം കൈയൊഴിഞ്ഞസ്ഥിതിയ്ക്കു്, എമാന്റെ തലയിൽ ഇപ്പോൾ എന്താണു് കയറിയിരിക്കുന്നതു്, ആവോ!

വലേ: വിടാതെ അന്വേഷിച്ചാൽ, നാമന്വേഷിക്കുന്നതു കണ്ടെത്തും; ഒരിക്കലും പ്രതീക്ഷിക്കാത്ത സ്ഥലത്തായിരിക്കും ചിലപ്പോൾ കണ്ടെത്തുക.

മാർട്ടി: (തനിച്ചാണെന്നു വിചാരിച്ചുകൊണ്ടു്) എന്തുവന്നാലും ഞാൻ പ്രതികാരം ചെയ്യാതെ അടങ്ങുകയില്ല! എനിക്കു കിട്ടിയ തല്ലു ദഹിക്കാതെ കിടക്കുകയാണു്. (ഇങ്ങനെ വിചാരിച്ചുകൊണ്ടു നടക്കുമ്പോൾ അറിയാതെ അവൾ അവരെ ചെന്നുമുട്ടുന്നു) അയ്യോ! ക്ഷമിക്കണം! ഞാൻ നിങ്ങളെ കണ്ടില്ല. ഞാൻ ഒരു കാര്യം ആലോചിച്ചു തലകാഞ്ഞു് അങ്ങനെ നടക്കുകയായിരുന്നു.

വലേ: ഞങ്ങളും തലകാഞ്ഞുകൊണ്ടിരിക്കയാണു്; എന്തുകൊടുത്താലും വേണ്ടില്ല; ഞങ്ങളന്വേഷിക്കുന്നതു കിട്ടിയാൽ മതിയായിരുന്നു.

മാർട്ടി: എനിയ്ക്കു സഹായിക്കുവാൻ കഴിയുന്ന വല്ലതുമാണോ?

വലേറി; ആർക്കറിയാം? നിങ്ങൾക്കു കഴിയുമായിരിക്കും. ഞങ്ങൾ ഒരു സമർത്ഥനായ ഡോക്ടരെ അന്വേഷിച്ചു നടക്കയാണു്. ഞങ്ങളുടെ എമാന്റെ മകൾക്കാണു് സുഖക്കേടു്. കാരണം എന്താണെന്നു കണ്ടെത്തിയിട്ടില്ല. പക്ഷെ കൊച്ചമ്മ പെട്ടെന്നു ഊമയായിപ്പോയി. യാതൊന്നും മിണ്ടുന്നില്ല. ഈ രോഗം ചികിത്സിക്കുവാൻ കഴിയുന്ന ഒരാളെയാണു് ഞങ്ങൾ തേടുന്നതു്. പല ഡോക്ടർമാരും പഠിച്ചപണിയെല്ലാം നോക്കിയിട്ടും യാതൊരു ഫലവുമില്ല. ചില സ്ഥലങ്ങളിൽ അത്ഭുതകരമായ ചില രഹസ്യങ്ങൾ—ചില ഒററമൂലികകൾ—കൈവശമുള്ള ചില ആളുകളുണ്ടു്. മററുള്ളവർ ഒക്കെ യൊഴിഞ്ഞതു് അവർ ചികിത്സിച്ചു സുഖപ്പെടുത്തും. അങ്ങനെയൊരാളെയാണു് ഞങ്ങൾക്കു് കിട്ടേണ്ടതു്.

മാർട്ടി. (സ്വഗതം) ഹ! കിട്ടിപ്പോയി! അതുതന്നെവേല! എന്റെ ആ ദുഷ്ടനെ നല്ലപാഠം പഠിപ്പിക്കുവാൻ ഇതാണവസരം (ഉറക്കെ) നിങ്ങളെന്നെ കണ്ടതു നന്നായി ഇവിടെ അടുത്തുതന്നെ അസാമാന്യ സാമർത്ഥ്യമുള്ള ഒരു ഡോക്ടറുണ്ടു്. അസാദ്ധ്യമെന്നു തള്ളപ്പെട്ട പല രോഗങ്ങളും അയാൾ ചികിത്സിച്ചു സുഖപ്പെടുത്തിയിട്ടുണ്ടു്.

വലേറി. അദ്ദേഹം എവിടെയാണെന്നു പറയുവാൻ ദയവുണ്ടാകുമോ!

മാർട്ടി. പറയാം. ഈ നേരത്തു് അയാൾ അക്കാണുന്ന ചെറുകാട്ടിൽ വിറകുവെട്ടി രസിച്ചുകൊണ്ടിരിക്കുന്നതു് കാണാം.

ലൂക്കാ. എന്തു! ഒരു ഡോക്ടർ വിറകുവെട്ടുകയോ?

വലേറി: മരുന്നുചെടികൾ അന്വേഷിക്കുന്ന വെന്നായിരിക്കാം നിങ്ങൾ പറയാനുദ്ദേശിച്ചതു്?

മാർട്ടി: അല്ല. അയാൾ സാധാരണക്കാരെപ്പോലെയല്ല. അങ്ങനെയൊക്കെ ചെയ്യുന്നതു് അയാൾക്കിഷ്ടമാണു്. തലയ്ക്കു് നൊസ്സുണ്ടെന്നു തോന്നും അയാളുടെ പ്രവൃത്തികൾ കണ്ടാൽ ആളെ കണ്ടാൽ ഡോക്ടറാണെന്നു് നിങ്ങൾ വിശ്വസിക്കുകയില്ല. ഉടുപ്പും മററും കണ്ടാൽ വലിയ കോപ്പായമാണു്. ചിലപ്പോൾ ഒന്നും അറിഞ്ഞുകൂടെന്നു നടിക്കും. അയാളുടെ അറി

വു അയാൾ മറച്ചുവയ്ക്കും. ഈശ്വരൻ അയാൾക്കു കൊടുത്ത ചികിത്സാ സാമർത്ഥ്യം കാണിക്കുവാനാണു് അയാൾക്കു ഏററവുമധികം മടി.

വാലേറി: വലിയ ആളുകൾക്കെല്ലാം ഈവക നൊസ്സുകാണും—അവരുടെ അപാരമായ ജ്ഞാനത്തിൻെറ കൂടെ ഭ്രാന്തിൻെറ അംശവും.

മാർട്ടി: നിങ്ങൾ ഊഹിയ്ക്കുന്നതിനേക്കാളൊക്കെ വളരെ അധികമാണു് ഈ ഡോക്ടരുടെ ഭ്രാന്തു്. അയാൾ ഡോക്ടറാണെന്നു സമ്മതിയ്ക്കുവാൻ ചിലപ്പോൾ രണ്ടുകൊട്ടുകൊടുക്കേണ്ടതായിട്ടുവരും. ഈ നൊസ്സു് അയാളെ പിടികൂടിയാൽ നിങ്ങളൊരു കാര്യം ചെയ്യണം ഓരോ വടിയെടുത്തു് കണക്കിനു് അയാളെ പ്രഹരിക്കണം. അപ്പോൾ അയാൾ സമ്മതിച്ചേക്കാം, അയാൾ ഡോക്ടറാണെന്നു. ഞങ്ങൾക്കു് അയാളുടെ സഹായം ആവശ്യമുള്ളപ്പോൾ ഞങ്ങൾ അങ്ങനെയാണു് ചെയ്യാറു്.

വലേ. ഇതു വലിയ നേരംപോക്കാണല്ലൊ.

മാർട്ടി: ശരിയാ; പക്ഷെ ആ ഭ്രാന്തു മാറിക്കിട്ടിയാൽ, അയാളുടെ ചികിത്സകണ്ടു് നിങ്ങൾ ഭ്രമിച്ചുപോകും

വലേ. ആളിൻെറപേരെന്താണു്?

മാർട്ടി. സ്ഗ്നാറൽ എന്നാണു് ആളെ തിരിച്ചറിയാൻ പ്രയാസമില്ല. അയാൾക്കു് കറുത്തുകൊഴുത്ത താടിയുണ്ടു്. ധരിച്ചിരിക്കുന്നതു് മഞ്ഞയും പച്ചയും ഇടകലർന്ന ഒരു കോട്ടാണു്.

ലൂക്കാ. മഞ്ഞയും പച്ചയും ഇടകലർന്ന കോട്ടോ? എന്നാൽ തത്തയെ ചികിത്സിയ്ക്കുന്ന ഡോക്ടറായിരിയ്ക്കണം.

വലേ. നിങ്ങൾ പറയുന്നത്ര സമർത്ഥനാണോ അയാൾ?

മാർട്ടി. സംശയമുണ്ടോ? അയാൾ അത്ഭുതം പ്രവർത്തിയ്ക്കും. ആറുമാസത്തിനുമുമ്പു് എല്ലാ ഡോക്ടർമാരും കൈവെടിഞ്ഞ ഒരു സ്ത്രീയുണ്ടായിരുന്നു. ആറു മണിക്കൂർനേരത്തേയ്ക്കു് ആ സ്ത്രീ മരിച്ചുവെന്നുതന്നെ എല്ലാവരും വിചാരിച്ചു. അവളെ ശവപ്പെട്ടിയിലാക്കുവാൻ തുടങ്ങിയപ്പോഴാണു്, ഞാൻപറഞ്ഞ ഡോക്ടറെ കൊണ്ടുവന്നതു്. പിടിച്ചുവലിച്ചാണു് കൊണ്ടുവന്നതു്. അയാൾ അവളെ ഒന്നു നോക്കി. എന്തോ ഒരു സാധനം അവളുടെ വായിലിട്ടു. ആ നിമിഷത്തിൽ അവൾ എഴുന്നേററു മുറിയിൽ അങ്ങുമിങ്ങും നടക്കാൻതുടങ്ങി. അവൾക്കു രോഗമുണ്ടായിരുന്ന കഥതന്നെ മറന്നതുപോലെ തോന്നി.

ലൂക്കാ. ഹാ!

വലേ: തങ്കദ്രാവകത്തിൻെറ ഒരു തുള്ളിയായിരിയ്ക്കണം വായിലിട്ടതു്.

മാർട്ടി: ആയിരിയ്ക്കാം. മൂന്നാഴ്ചമുമ്പാണു് പന്ത്രണ്ടുവയസ്സുള്ള ഒരു കുട്ടി പള്ളിയുടെമണിമാളികയുടെമുകളിൽനിന്നു തെരുവിൽ വീണതു്. തലയും, കാലും, കൈയുമെല്ലാം തകർന്നു നമ്മുടെ ആളെ പിടിച്ചുകൊണ്ടുവന്നു. അയാൾ എന്തോ കുഴമ്പുകൊണ്ടു്—അതു അയാൾതന്നെ ഉണ്ടാക്കിയതാണു്—കുട്ടിയെ ആസകലം തടവി, കുറച്ചു കഴിഞ്ഞപ്പോൾ, കുട്ടി ചാടിയെണീററു് കളിയ്ക്കാനെ[illegible]ട്ടംകൊടുത്തു.

ലൂക്കാ; ഹാ!

വലേ; ആ മനുഷ്യൻെറ കൈയിൽ സർവ്വ രോഗസംഹാരിയുണ്ടായിരിയ്ക്കണം.

മാർട്ടി; സംശയമില്ല.

ലൂക്കാ; അയ്യയ്യ! നമുക്കു പററിയ ആൾ അതുതന്നെ. വേഗം ചെന്നു അയാളെ കൊണ്ടുപോകാം.

വലേ; നിങ്ങൾചെയ്ത ഉപകാരത്തിനു വളരെ നന്ദി.

മാർട്ടി; ഞാൻ പറഞ്ഞതു് ഓർമ്മയുണ്ടല്ലോ=തല്ലിൻെറ കാര്യം?


ലൂക്കാ; കൊള്ളാം! അതു ഞങ്ങളേററു. കുറച്ചു പ്രഹരാദികഷായം മാത്രമേ വേണ്ടുവെങ്കിൽ. ആളെ കൈയിൽ കിട്ടിയതുതന്നെ!

വലേ; (ലൂക്കാസിനോടു്) ആ സ്ത്രീയെ കണ്ടുമുട്ടിയതു എന്തു ഭാഗ്യമായി! ഇനി കാര്യംപററിയതുതന്നെ!

(മാർട്ടി പോകുന്നു)


ശശീന്ദ്ര

ഔഷധസോപ്പ്




ചിരങ്ങു്, താരൻ, വരട്ടുചൊറി, വട്ടച്ചൊറി, മുഖക്കുരു, വാതമൊരി, പുഴക്കടി മുതലായ എല്ലാ ത്വക് രോഗങ്ങളേയും സുഖപ്പെടുത്തും.

SWAMI RAMANANDA'S

SIDHA VAIDYASRAMAM

H. O. TRICHUR.

BRANCH:-

Banerji Road, ERNAKULAM.

# വികൃതിക്കുട്ടൻ

## ഗോപി

ഓപ്പോള് ഇപ്പൊക്കൊറെ വല്യാളായിരിക്കുണു്. ന്തൊരു തെളിച്ചിലാന്നാ. കുളിക്കാൻന്നെ കൂടെ കൊണ്ടോവാൻ വയ്യാത്രെ. ഗോപേട്ടൻ പണ്ടു് കണ്ടപോലെയ്യൊന്നുംല്ല മൂപ്പത്തി. കാളക്കുട്ട്യേപ്പോലെണ്ടു്. താടേം പൂഞ്ഞും ഒക്കെ വന്നിരിക്കണു്.

ന്നാളൊരീസം പറ്യാണു്: "കുട്ടാ നിയ്യു് കൊറെ മതിന്നിലേ? എന്നി പെണ്ണുങ്ങടെ പിന്നാലെ പോരു്ന്നാച്ചാൽ കൊറെ മോശാണേ".

ഞാ മ്മേമോട്ടു് പറഞ്ഞു ഒക്കെ ഒരക്ഷരം പെഴക്കാതെ. അമ്മയ്ക്കു് എളകീലോ കലി. "ഓ നിയ്യൊരു വേശിപ്പെൺകിടാവു്! എന്നേടീ നേശ്യാരമ്മ ആയതു്? കുട്ടനെക്കൂടെകൊണ്ടോവാനും കൊറവായോ നെണക്കു്? ആണായിട്ടു് ഈ തറവാട്ടില്ലു് ഒന്നേള്ളൂ. പെണ്ണിന്നു്ണ്ടോ വല്ല അന്തോംകുന്തോം? മതിയെടീ കൊമ്മല! കൊടിച്ചിത്തം. അറയ്ക്കും ഒരോന്നു് പറേണു്കേട്ടാല്"

ഇപ്പോന്നെകൊണ്ടോവാതെ പോവില്ല. പോയെങ്കി അമ്മടെ കയ്യിന്നു കിട്ടും ചുട്ടപെട. അദെന്നെ. ചെലപ്പൊ ചെരവോണ്ടു് ഇഡീം "ഡീം, ഡീം"ന്നങ്ങനെ.

ന്നലെ അമ്പലക്കൊളത്തു്ല് ചെന്നപ്പോ മാഷുംണ്ടായിരു്ന്നു. പ്യൂഴു്രോൻമാഷല്ല. കൃഷ്ണമേനോൻ മാഷു് ഓപ്പോളും മാഷുംകൂടിന്തൊ കേ്യ പറഞ്ഞീരു്ന്നു. ഞാനടുത്തയ്ക്കു് ചെന്നപ്പൊ കുശുകുശാന്നു് സ്വകാര്യയി. ന്നാലും കൊറെ ഞാനുംകേട്ടു.

"മെല്ലെ പറ്യ, കുട്ടൻ കേക്കും"

"അവൻ കുട്ട്യല്ലേ? എട്ടുംപൊട്ടും തെര്യാത്ത കുട്ടി"

"പ്പഴത്തെ ചിട്ടങ്ങമ്മാരോ? യുണ്ടന്മാരാ" "ന്റെ കുട്ടൻ നല്ല കുട്ട്യാ" കാക്കക്കു തൻകുഞ്ഞു പൊൻകുഞ്ഞല്ലേ?"

"ആവോ! ങ്ങടെ മൂട്!"

ഓപ്പോളടെ മൊകറണ്ടു് കറുത്തു.

അപ്പോ മാഷു് കവളത്തൊരു കേറണല്ല". ഓപ്പോള് ചിറിക്കാൻ തൊടങ്ങി. മെല്ലെ മാഷു് പോണപോക്കില്ലു് ന്റെ മെട്ടത്തലേമ്മ്ല് ഒരുഴിച്ചിലും. പണിക്കരു്കവിടി നെരത്തണമാതിരി. പാട്ടുംവടിക്കമ്പോ വള്ളു് വടികൊണ്ടു് പറടെ മൊകത്തു് കാട്ടുംപോലെ

"കുട്ടനു് നാളെത്തിരിമിട്ടായി വാങ്ങിക്കൊടുക്കണം, ട്ടോ" ഓപ്പോള് മാഷെ ഏല്പിച്ചു.

"നിയ്ക്കു്വേണ്ട"

"അതെന്താ കുട്ടാ ന്നോടു് ദേഷ്യാ നെണക്കു്?" ആദ്യൊക്കെ ചൂരപ്പഴം തന്നിട്ടിപ്പൊ ന്തിനാ മിട്ടായി"

മാഷു് പോയി. "കുട്ടാ, ഇതുക്കന്മാരോട്ടു് തർക്കുത്തരം പറേരു്തു്" ഓപ്പോള് ഉപദേശിച്ചു.

"ഏം ന്റെ ചന്തിമ്മ്ല്പ്പഴണ്ടു് മേനോമ്മാഷു് അടിച്ച പാട്"

---

ബോണസ്സു കൊടുക്കാമെന്നു മുതലാളി സമ്മതിച്ചിരുന്നു. പക്ഷെ അതു കൊടുക്കാതെ നവ: 13=ാംതീയതി മുതൽ അയാൾ ഫാക്ടറി പൂട്ടി. തൊഴിലാളികൾ സ്റ്റേ ഇൻസ്ട്രൈക്ക ചെയ്തു. പോലീസ് വന്നു 13 തൊഴിലാളികളെ അറസ്റ്റ് ചെയ്തു. കുഴപ്പം തുടരുന്നു.

### അളകപ്പന്റെ ഉമയാൾ ഫാക്ടറിയിൽ

കണ്ണൂരിനടുത്തുള്ള അളകപ്പച്ചെട്ട്യാരുടെ ഉമയാൾ നെയ്ത്തു ഫാക്ടറിയിൽ 4 ദിവസം ഷെഫ്റ്റ് നന്നാക്കുന്നതുപ്രമാണിച്ചു പണിയില്ലായിരുന്നു. പ്രസ്തുതദിവസങ്ങളിലെ കൂലികിട്ടാൻവേണ്ടി 300 തൊഴിലാളികൾ ഇരുന്നു പണിമുടക്കി. പോലീസ്‌വന്നു 10 തൊഴിലാളികളേയും, ലേബർ കോൺഗ്രസ്സ് പ്രവർത്തകനായ കെ. ടി. ശ്രീധരനേയും അറസ്റ്റ്ചെയ്തു. കമ്പനിക്കുപുറത്തു നിന്നിരുന്ന ജനക്കൂട്ടത്തെ ലാത്തികൊണ്ടടിച്ചു പിരിച്ചുവിട്ടു, പലർക്കും പരിക്കുപററിയട്ടുണ്ടു്. ഇവിടെയും കുഴപ്പം തുടരുന്നു.

മുതലാളിമാർ കുഴപ്പം സൃഷ്ടിക്കുമ്പോൾ തൊഴിലാളികളുടെ നേരെ മർദ്ദനമഴിച്ചുവിടുന്ന പോലിസ് ഉദ്യോഗസ്ഥന്മാരെ ജനകീയ മന്ത്രിസഭ നിലയ്ക്കു നിർത്തിയേമതിയാവൂ.

"ന്നാവും നെന്നെ വല്യ ഇഷ്ടാന്ന് പറഞ്ഞു" അതോണ്ടാ മിട്ടായിതര്ണ്ന്ന്"

"മാഷടെ വീട്ടിലുണ്ടല്ലോ നാരങ്ങ; പിറങ്ങ് പിള്ളര് അവരു വാങ്ങിക്കൊടുത്തോട്ടെ— നിയ്യ് വേണ്ട= ആരോടും ഒന്നും വാങ്ങിത്തിന്നരുതെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ടെന്നോട്"

പിന്നെ ഓപ്പോള് കമാന്ന് മിണ്ടീല്യാ.

2.

ന്ന് രാവിലെ ഞങ്ങള് കുട്ട്യോളൊക്കെപ്പാടെ കളിക്കാമ്പോയി. ഷൈട്ടക്ക് കളിക്കാൻ പാമ്പിങ്കാവില്ക്ക്. അമ്മാമ കാണരുതെന്ന് വെച്ചിട്ടാ പാമ്പിങ്കാവ്പ്പോയേ. അമ്മാമക്ക് വല്യേദേഷ്യാ ഈ കളി. അവിടെ ചെന്നപ്പോ വേണ്ടേര്ന്ന്ല്യാന്നായി. അടല്ലേപറേണ്ടൂ!

ഞങ്ങള് പാമ്പിങ്കാവില്പ്പോണതു് ആർക്കും ഷ്ടല്ല്യ! പാമ്പിങ്കാവല്ലേ. കുട്ട്യോളും അല്ല്യേ. അയിത്താക്യാലോ മൂത്രം മത്തീട്ടും മിററീം. പിന്നീണ്ട് ഒരു തകരാറ് അമ്മേം മിററീം പറഞ്ഞ്ട്ട്ണ്ട്. പാമ്പിങ്കാവില് പത്തു തലള്ള സർപ്പംണ്ട്ന്ന്—കുട്ടത്തില് അതു് ള്ളപ്പൊണ്ടൊന്തെങ്കിലും പേടിക്കാൻ ? പൊന്തേന്ന്ങ്ങനെ ഒരൊച്ച. ഒരെളക്കോം. നിയ്യപേടി പിടിച്ചു. പടിത്താഴറെ മീനാക്ഷ കുട്ടിന്ന് വിളിച്ചു. ഞങ്ങള് രണ്ടാളും മുമ്പില് നടന്നു, പിന്നിള്ള കുട്ട്യോള് പിന്നാലേം. ഒച്ചുണ്ടാക്കാതെ പൂച്ചേപ്പോലെ പതുങ്ങിപ്പതുങ്ങിച്ചെന്നു. സർപ്പാണെങ്കിലോ, പത്തു തലേം വിരുത്തിങ്ങട്ട് ചാട്യാലോ ? ഞങ്ങളാണാങ്കീ ചെറ്യേ ചെറ്യേ ചിട്ങ്ങമ്മം രും.

പൊന്തടെ അടുത്ത് ചെന്നപ്പെം ഴത്തെ പൂരല്ലേ പൂരം ! ഓപ്പോളുണ്ട് മേനോമ്മാഷുംണ്ട് പൊന്തേല്. പെരുമ്പാമ്പോളെപ്പോലങ്ങനെ കെടക്കണ്. ഞങ്ങളെ പേടികാട്ടാൻ എടുത്ത സൂത്രല്ലേസൂത്രം ! ആളെ മനസ്സിലായില്ലോ. ഞങ്ങള് മെല്ലെ അടുത്താക്കെന്നെ ചെന്നു ഒച്ചുണ്ടാക്കാതെ. അപ്പഴ അവര് വെറതെ കെടക്കല്ലാ. കന്നിമാസത്തില് നമ്മടെ പാണൻ നായേംപട്ട്യേ കാണിക്കാറില്ല്യേ, അമാതിരി അവരങ്ങ് ഓരോന്നു കാണിക്കണ്. ഞങ്ങളെ കണ്ടപ്പോ രണ്ടാളും പെടഞ്ഞെണിട്ടു. ജനിച്ചമാതിരി. നുല്ബന്തോലല്യാതെ; ഒക്കെട്ത്തു ചുററി ഞങ്ങളൊക്കെ നോക്കിനിന്നു. മാഷ്ടെ മുണ്ട് ഓപ്പോള ചിററി; ഒപ്പോളടെ ഒന്നര മാഷും. മാഷടെ ബനിയൻ പൊന്തേലും കെടക്കണ് എങ്ങന്യോ അവരോടിപ്പോയി=ന്നാ പോരോ പോണപോക്കിലേ ഓപ്പോള് "ട്ടേ" ന്ന്ന്റെ മണ്ടയ്ക്ക് ഒര് കിഴ്ക്ക്. "നിയ്യ് വീട്ട്ലക്ക് വാ് തെമ്മാടി" ന്നും പറഞ്ഞു അമ്മ പറ്യേണ കൂട്ടത്തില് ഞാനും പറേട്ടെ. പഞ്ഞൻ മുണ്ട്യാല് ചീരാപ്പ് കേളുനാ? ഞാന്തേ പെഴച്ച് !

കുട്ട്യോളൊക്കെ തൊടങ്ങീലോ കൂക്കും വിളീം കൂട്ടാൻ, അവരൊക്കെക്കിടന്നു ചാടിത്തുള്ളി. ചെലര് ചിരിക്കണ്; ചെലര് ആക്കണ്. ചെലര്ന്തോക്യാ പറേണ്. മീനാക്ഷി അക്കൂട്ടത്തിലെന്റെ ചെകിട്ടില് വന്നു മന്ത്രിക്യ "കുട്ടാ, കുട്ടാ, നൊമ്മള് വല്യേ ആളോളായ്യാല്യേ, ങ്ങനൊക്കെ ചെയ്യും"

പെണ്ണിനു വല്യആളായാലത്തെ ബടായി പറച്ചില്. നിയ്യ്തല്ല കൊള്ളുന്ന് പേടീം—തവള പറഞ്ഞ കഥ "ഞങ്ങക്കോപ്രാണസംഘടം, നിങ്ങക്ക് കളീം" ആവൂ; വലുതാമ്പൊഴ്ക്ക് എത്ര തല്ലും തട്ടും കുട്ടും കൊള്ളണം ഒരാള് ! കുട്ട്യോളാവാണ്ടെ അങ്ങനെ വല്യേങ്ങളായിങ്ക്ല് എത്ര നന്നാന്നു.

കളിക്കാൻ പോവുമ്പൊ ഓപ്പള് ന്റെ തല കുട്ടിപ്പൊട്ടിക്കുംന്ന് വിജാരിച്ചുഞാന്. ഒന്നും ചെയ്തില. വല്യേ,ചോദ്യത്തിലേര്ന്ന് മൂപ്പത്തി

ഞാൻ ചേയ്ച്ചു: "ഓപ്പോളെ ഓ


# രാഗാർച്ചന

a, മവിരുദ്ധമാണ്; സമുദായവിദ്ധ്വംസകമാണ്. ചിലർ പറയുന്നു.

b, അജ്ഞതയുടെ ഇരുട്ടറയിൽ ഉറങ്ങിക്കിടക്കുന്ന മനുഷ്യത്വത്തെ രാഗാർച്ചന തട്ടിയുണർത്തുന്നു. മററു ചിലർ സമ്മതിക്കുന്നു.

c, നിങ്ങളുടെ അഭിപ്രായങ്ങൾ നിങ്ങൾ രൂപീകരിയ്ക്കേണ്ടിയിരിക്കുന്നു?

വില 1 ക. 8ണ.

പ്രസാധകർ: പ്രിൻ്റലാൻഡ്, ഫോർട്ട് കൊച്ചി.

* എസ്.

# കൊച്ചിയിലെ തൊഴിലാളിപ്രസ്ഥാനം ആപത്തിൽ

## രക്ഷപ്പെടുവാൻ എല്ലാത്തരം തൊഴിലാളികളും യോജിച്ചണിനിരക്കുക

കൊച്ചിയിലെ തൊഴിലാളി വർഗ്ഗം ഇന്നു ഏററവും ആപൽക്കരമായ ഒരു ദശാസന്ധിയിലകപ്പെട്ടിരിക്കുകയാണ്–വരുന്ന ഏതാനും മാസങ്ങളിൽ കൊച്ചിയിലെ തൊഴിലാളിവർഗ്ഗത്തിന്നും തൊഴിലാളിപ്രസ്ഥാനത്തിനും നേരിടേണ്ടിയിരിക്കുന്ന ബുദ്ധിമുട്ടുകളും മർദ്ദനങ്ങളും ഇതിനു മുമ്പെങ്ങമുണ്ടായിരുന്നിട്ടില്ലാത്തത്ര ഭികരവും കഠിനവുമായിരിക്കും = കർക്കടകം 13=ാംനു- നാട്ടുകാർ അധികാരത്തിലെത്തിച്ച മന്ത്രിസഭ രാജിവെക്കാൻനിർബന്ധിതമായതും അതിനെത്തുടൎന്ന് ടി. കെ. നായരുടെ നേതൃത്വത്തിൽപുതിയമന്ത്രിസഭ അധികാരത്തിലെത്തുകയും ചെയ്തുകൊണ്ടുണ്ടായിട്ടുള്ള ആപത്തിന്റെ ആഴം ഇന്നശരിക്കും മനസ്സിലാക്കപ്പെട്ടിട്ടില്ലെന്നുള്ളതാണ് ഏററവും വ്യസനകരമായ യാഥാർത്ഥ്യം ഇന്നത്തെ ആപൽക്കരമായ പരിതസ്ഥിതിയിൽ കൊച്ചിയിലെ തൊഴിലാളികളും വിവിധ രാഷ്ട്രീയ അഭിപ്രായക്കാരായ തൊഴിലാളിപ്രവൎത്തകന്മാരും പഴയ അഭിപ്രായ വ്യത്യാസങ്ങളും ഭിന്നിപ്പുകളും അവസാനിപ്പിച്ചു സുശക്തമായ ഒരു കേന്ദ്രസംഘടനയിൻ കീഴിൽ വ്യക്തവും ഏകീകൃതവുമായ ഒരു പരിപാടി തയ്യാറാക്കേണമെന്നുള്ളതു തൊഴിലാളി വർഗ്ഗത്തിന്റെ താല്പര്യം സംരക്ഷിക്കുവാനാഗ്രഹിക്കുന്നവരുടെ മുമ്പിലുള്ള അടിയന്തിര കടമയാണ്.

ഇന്നത്തെ ആപൽക്കരമായ പരിതസ്ഥിതിയുടെ അഗ്നിജ്വാല ഇന്നുതന്നെ തൊഴിലാളികൾ ഏററു തുടങ്ങിയിരിക്കുന്നു. കരുവന്നൂരിലെ ഓട്ടുകമ്പനി ഓട്ടുകമ്പനി മുതലാളിമാർ അഡ്ജുഡിക്കേഷൻ വിധിപോലും നടപ്പാക്കുവാൻ സാധിക്കുകയില്ലെന്നു പറഞ്ഞു കമ്പനി പൂട്ടിയിടുമെന്നു ഭീഷണിപ്പെടുത്തുന്നു. ഒരു തൊഴിലാളിക്കു ദിവസത്തിൽ 12 ണയും, കുട്ടി

---

പ്പോളോങ്ങള് രണ്ടാളും പെണ്ണേല. കെടന്ന്ന്തേ കാണിച്ചീര്ന്ന് ?

"അതോ, കുറുന്തോട്ടി പറിക്യല്ലേരന്ന് മാഷടെ അമ്മയ്ക്ക് തലേക്കുത്താ അതിന് കഷായത്തിനു്"

"പടിഞ്ഞാറേലെ മീനാക്ഷിയമ്മ പറഞ്ഞുന്നോട് "വല്ല്യോരാല് നമ്മളുങ്ങനെ കുറുന്തോട്ടി പറിക്കുന്നു".

തൊടങ്ങീലൊ ഓപ്പോട് ചിരിയോടെചിരി. "ആചീനമളക വല്ലാത്ത ചിനമളകാകണ്ടതൊന്നുംല്ല്യകോളു.

"ഓപ്പോളേ, അപ്പോ കുറുന്തൊട്ട്യല്യെ കൊക്കരേല് കാട്കെട്ടിനിക്കണ്? പിന്നെ അമ്മേന്തിനെ പാമ്പിങ്കാവില് പോയയാ?"

"നെണ്ണണ്ടാവല്ലണ്ണോമോഷോം കുട്ടാമരുന്നിനെപ്പററി? കൊളത്തിന്റെ ഉത്ത്ള്ള തൊക്കെ പെൺകുറുന്തോട്ട്യോ കഷായത്തിന് രണ്ട് കുറുന്തോട്ട്യം വേണം—ആൺകുറുന്തോട്ട്യം പെൺകുറുന്തോട്ട്യം രണ്ടും കിട്ടണ്ങ്കില് പാമ്പിങ്കാവില്ത്തന്നെ പോണം="

"അപ്പോന്തോങ്ങേള് കുറുന്തോട പറ്ച്ച്ടത്ത് ?" ആയുധം ഒന്നുണ്ടായിര്ന്ന്ല്യലോ"

"മാഷടെ കയ്യില്ണ്ടായിര്ന്നു"

ഈ സൂത്രം ഞാൻ മീനാക്ഷ്യോട് പറേല്യെന്നെ. നിക്ക് കണണംലോ ആ പെണ്ണിന് ആ കുറുന്തോട്ടി എങ്ങനെകിട്ടുംന്ന്!

സ്കൂള് ചെന്നപ്പൊമേനോമ്മാഷ് നിക്ക് ഒരു പൊതി മിട്ടായിതന്ന്=വല്യെപൊതി ഞാൻ കുട്ട്യോൾക്കൊക്കെയങ്ങട് കൊടുത്ത് അഞ്ചും എട്ടും ഓരോര്ത്ത്ര്ക്ക് തിന്നട്ടെ. കൂട്ടര്.

നനഞ്ഞ പൂച്ചേപ്പോലെ മീനാക്ഷി വന്നു സ്വകാര്യംപറ്യാംഎവ്ട്ന്നേത്ര പെര്ത്ത് മിട്ടായി കിട്ട്യേ കുട്ടന്?"

"മേനോമ്മാഷ് തന്നതാ"

"ന്താ, കുട്ടനു മാത്രം തരാൻ ഞങ്ങളൊക്കിംഷ്കൂളില് പടിക്ണകുട്ട്യോളല്ലേ ?"

"നെണക്കിണ്ടടി പെണ്ണേ വല്ലനിശ്ശ്ചോം? മാഷ് ഞങ്ങടെ പാമ്പിങ്കാവിന്നല്ലേ ന്നാള് കുറുന്തോട്ടികൊണ്ടോയത്". അതിന് പകരാണ്"

ഇങ്ങ്കേട്ടപ്പൊ പിള്ളര് തൊടങ്ങീലോ പണ്ടത്തെ മാതിരി പര്യാസോം ചിറീംനിനക്ക് മനസ്സിലായ്ല. ന്തോ ഒരു തകരാറ്ണ്ട് അയമ്മുണ്ണി പറേമ്പോലെ ഒര്"ഇക്ക്മത്ത്"! അച്ഛൻ വരട്ടെ ന്ന്ട്ട്വേണം നിക്കൊക്കെ ചോയ്ച്ച മനസ്സിലാക്കാൻ!

അന്നു അമ്പലത്തില് പോയപ്പൊ ഞാൻ തേവരെ പ്രാർത്ഥിച്ചു "ന്റെ ഈശ്വരാ ന്റെമ്മയ്ക്ക് തലേക്കുത്ത് ണ്ടാവല്ലേ. ന്നല് നിക്ക് കുറുന്തോട്ടിപറിയ്ക്കാൻ പൊറെത്തക്കേടക്കണ്ടാലാ"

കൾക്കു ദിവസത്തിൽ 8 ണയും, ക്ലാർക്കുമാർക്കു മാസത്തിൽ 25 കയും അടിസ്ഥാനകൂലി നൽകണമെന്നു മാത്രമെ അഡ്ജൂഡിക്കേഷൻ വിധിപ്രസ്താവിച്ചിട്ടുള്ളു. ഇതു അന്യായമായ കൂലിത്തോതാണെന്നു വാദിക്കാൻ കഴിയുമൊ? ലാഭമില്ലെന്നുള്ള കരുവന്നൂർ മുതലാളിമാരുടെ വാദവും അടിസ്ഥാനരഹിതമാണെന്നു പനങ്കുളം കരുവന്നൂർ ഒട്ടുകമ്പനി തൊഴിലാളിയൂണിയൻ മുതലാളിമാരുടെ തന്നെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ടു തെളിയിച്ചിട്ടുണ്ടു്. എന്നാൽ തൊഴിലാളികളുടെ ന്യായവാദങ്ങളെല്ലാം വനരോദനങ്ങളായി കണക്കാക്കുകയാണു് മുതലാളിമാർ ചെയ്യുന്നതു്.

ആമ്പല്ലൂരിലെ കുപ്രസിദ്ധനായ അളഗപ്പചെട്ടിയാരും അഡ്ജൂഡിക്കേഷൻ വിധിപ്രകാരം മദിരാശി സംസ്ഥാനത്തിലെ വെങ്കിട്ട രാമയ്യ എൻക്വയറി കമ്മററിയുടെ ശുപാർശകൾ നടപ്പിലാക്കേണ്ടതു അനുവദിക്കാൻ കൂട്ടാക്കുന്നില്ല.

സീതാറാം ടെക്സ്റ്റൽസിലും ഇതു തന്നെയാണു് നില. അവിടെ അഡ്ജൂഡിക്കേററുടെ വിധിതന്നെ വളരെ വിചിത്രമായിട്ടുള്ളതാണു്. തൃശ്ശൂരിൽനിന്നും ഏഴുനാഴിക അകലെയുള്ള അളകപ്പടെൽസ്റ്റൽസിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനകൂലപോലും സീതാറാംമിൽ ശുപാർശ ചെയ്യുട്ടില്ല എന്നിട്ടുപോലും അതു നടപ്പാക്കാതെ കഴിക്കാനാണു മാനേജുമെണ്ടു ശ്രമിക്കുന്നതു്.

എറണാകുളം ബർമ്മാഷെൽ കമ്പനി മാനേജുമെണ്ടു അഡ്ജൂഡിക്കേഷൻ അവാർഡിലെ വ്യവസ്ഥകൾക്കു തന്റെ സ്വന്തമായ ചില വ്യാഖ്യാനങ്ങൾ നൽകുകയും അതുപ്രകാരം നടപ്പിലാക്കുകയുമാണു് ചെയ്തിരിക്കുന്നതു്. പള്ളുരുത്തിയിലെ കൽപക ഓയിൽമിൽസിലെ തൊഴിലാളികളെ മുഴുവൻ വഴിയാധാരമാക്കിക്കൊണ്ടു അവിടത്തെ മാനേജുമെണ്ടു കമ്പനി പൂട്ടിയിടാൻ നോട്ടീസ്സിട്ടിരിക്കുന്നു.

എറണാകുളം ടാററ കമ്പനീയിലെസ്ഥിതി ഇതിലും എത്രയോ ഭയങ്കരമാണു് അവിടെ മൂന്നുമാസം മുമ്പു പിരിച്ചുവിട്ട 600 തൊഴിലാളികളെ ഇതുവരെ മുഴുവൻ തിരിച്ചെടുത്തിട്ടില്ലെന്നു മാത്രമല്ല അവർക്കു നൽകിയിരുന്ന തുഛമായ വേതനം (15 ദിവസത്തെ അടിസ്ഥാനകൂലി) പോലും നിർത്തലാക്കിയിരിക്കുന്നു. 250 തൊഴിലാളികളെ തിരിച്ചെടുത്തിട്ടുള്ളവരോടു പൊതുവെയുള്ള തൊഴിലാളികളോടും മാനേജുമെണ്ടിന്റെ പെരുമാററം വളരെ മൃഗീയമായിരിക്കുന്നു. സോപ്പുപൊതിയുക തുടങ്ങി ആയാസം കുറഞ്ഞ പണിയെടുത്തിരുന്നതൊഴിലാളികളെക്കൊണ്ടു ഇന്നു പലകചുമപ്പിക്കുക, പുല്ലു പറിപ്പിക്കുക, എസ്റ്റേററിൽ കിളപ്പിക്കുക മുതലായ പണികൾ കൂടി എടുക്കുവാൻ തൊഴിലാളികളെ നിർബ്ബന്ധിക്കുന്നു കൂലി ഇട്ടിട്ടുമില്ല. തൊഴിലാളികൾ എന്തെങ്കിലും പ്രതിഷേധം ഉയർത്തിയാൽ ഉടനെ കിട്ടുകയായി ജോലി വിടുവാനുള്ള ചാർജ്ജുഷീററ. രണ്ടുമൂന്നു ദിവസങ്ങൾക്കു മുമ്പു അവിടെ ഒരു സംഭവമുണ്ടായതു ഉദാഹരണത്തിനു വേണ്ടിപ്പറയാം. ലോഡിംങ്ങ് സിക്ഷനിലെ തൊഴിലാളികൾക്കു പതിവുപ്രകാരമുള്ള ഓവർടൈം ബത്ത കൊടുക്കുകയില്ലെന്നു പറഞ്ഞതിനെക്കുറിച്ചു മാനേജുമെണ്ടുമായി സംസാരിക്കാൻ ധൈര്യപ്പെട്ട യൂണിയൻ പ്രവർത്തക സമതി അംഗമായ ജോസഫിനു പിറേറദിവസം മാനേജുമെണ്ടു ചാർജ്ജുഷീററുനൽകിയതു. യൂണിയന്റെ പ്രവർത്തകന്മാരോടു പ്രത്യേകം വൈരം വെച്ചു പ്രവർത്തിക്കുക, എന്തെങ്കിലും ആക്ഷേപം ബോധിപ്പിച്ചാൽ "നിന്റെ യൂണിയനോടുപോയിപറ" എന്നു ധിക്കാരപൂർവ്വം സംസാരിക്കുക, ചാർജ്ജുഷീററുകൾ കൊടുക്കുക മുതലായവ ടാററകമ്പനിയിലെ നിത്യസംഭവങ്ങളാണു്.

II

ഇങ്ങിനെ ഓരോ വ്യവസായത്തേയും എടുത്തു പരിശോധിച്ചാൽ മുതലാളിവർഗ്ഗം ഒട്ടാകെ സംഘടിതമായി ചെന്നായ്ക്കളെപ്പോലെ തൊഴിലാളികൾക്കെതിരായിപാഞ്ഞടുത്തു വരുന്നതു കാണാൻ സാധിക്കും. മുതലാളിമാരുടെ നില ഇതാണെങ്കിൽ ഗവർമ്മേണ്ടിന്റെ തൊഴിലാളി നയവും വാസ്തവത്തിൽ തൊഴിലാളികൾക്കെതിരായും മുതലാളിമാരെ സഹായിക്കുന്നതിലുമുള്ളതാണെന്നു പറയാതെ നിവൃത്തിയില്ല. അഡ്ജൂഡിക്കേഷൻ വിധി നടപ്പിലാക്കുകയില്ലെന്നു പറയുന്ന കരുവന്നൂർ മുതലാളിമാരെ പ്രോസിക്യൂട്ടു ചെയ്യുന്നതിനു പകരം തൃകക്ഷിസമ്മേളനം കൂടണമെന്നും അനുരഞ്ജനസമതി ഉണ്ടാക്കണമെന്നും പറഞ്ഞു കഴിക്കുകയാണു നമ്മുടെ തൊഴിൽക്കാര്യമന്ത്രി ശ്രീ. ബാലകൃഷ്ണമേനോൻ ചെയ്യുന്നതു്. മാത്രമല്ല, അഖിലകൊച്ചി ട്രെഡ്യൂണിയൻ കൌൺസിൽ സിക്രട്ടറി ജോർജ്ജ് ചടയംമുറിയെ അറസ്റ്റുചെയ്തു ജാമ്യം പോലും അനുവദിക്കാതെ വച്ചിരിക്കുന്നതു ഗവർമ്മേണ്ടിന്റെ തൊഴിലാളികളോടുള്ള മനോഭാവത്തേയാസ്പഷ്ടമായി കാണിക്കുന്നു.

അപ്പോൾ കൊച്ചിയിലെ തൊഴിലാളികളെ ഇന്നു അഭിമുഖികരിച്ചിരിക്കുന്ന ആപത്തിനെ ഇങ്ങിനെ സംഗ്രഹിക്കാം: ഒരു ഭാഗത്തു മുതലാളിമാരുടെ മുമ്പെങ്ങുമില്ലാത്ത ആക്രമണം മറുഭാഗത്തു അതിനെല്ലാം ആരുനിന്നു കൊടുക്കുന്ന ഗവർമ്മേണ്ടിന്റെ തൊഴിലാളിനയം. ഇതിനെയാണു കൊ

ച്ചിയിലെ തൊഴിലാളികൾക്കു ഇന്നു നേരിടേണ്ടിയിരിക്കുന്നതു്. എന്നാൽ ഇതു മാത്രമാണോ ഇന്നത്തെ ആപത്തു്. അല്ല. ഇതു മാത്രമാണു ഇന്നുള്ള ആപത്തു എങ്കിൽ അതിനെ പുല്ലുപോലെ നേരിടാൻ കൊച്ചിയിലെ തൊഴിലാളിവർഗ്ഗത്തിനു കഴിയും. അത്രമാത്രം രാഷ്ട്രീയ ബോധവും സമരവീര്യവും കൊച്ചിയിലെ തൊഴിലാളികൾക്കുണ്ടു്.

പക്ഷെ ഇന്നുള്ള ഏററവും പരിതാപകരമായ സംഗതി തൊഴിലാളികളുടെ സമരശക്തി ഭിന്നിച്ചുനിൽക്കുകയാണെന്നുള്ളതാണു്. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങളും, കക്ഷി വിരോധവും തൊഴിലാളിനേതാക്കന്മാരെ ഏകോപിക്കുന്നതിൽനിന്നു തടസ്സപ്പെടുത്തുന്നുവെന്നുള്ളതാണു്. കൊച്ചിയിലെ പ്രധാനപ്പെട്ട രണ്ടു തൊഴിലാളി സംഘടനകളായ ടാററാ തൊഴിലാളിയൂണിയനും, ബർമ്മാഷെൽ തൊഴിലാളിയൂണിയനും ഇന്നും കൊച്ചിയിലെ തൊഴിലാളികളുടെ കേന്ദ്രസംഘടനയായ എ. സി. ടി. യു. സി. യുമായി സംയോജിക്കപ്പെട്ടിട്ടില്ല. അതുപോലെ സോഷ്യലിസ്റ്റുകാരുടെ നേതൃത്വത്തിൻകീഴിലുള്ള പല ചെറിയ യൂണിയനുകളും കേന്ദ്ര സംഘടനയിൻകീഴിൽ വന്നിട്ടില്ല. വലതുപക്ഷക്കാരായ പ്രജാമണ്ഡലക്കാർ എ. സി. ടി. യു. സി. യുമായി യോജിച്ചിട്ടില്ലെന്നു മാത്രമല്ല, തൊഴിലാളിയൂണിയനുകളെ ഭിന്നിപ്പിക്കുന്നതിനു പ്രജാമണ്ഡലത്തിന്റെ പേരിൽ നടത്തുന്ന ശ്രമത്തെ ആക്ഷേപിക്കുകയോ പ്രജാമണ്ഡലം പ്രവർത്തകന്മാരെ അതിൽനിന്നു പിൻവലിപ്പിക്കുകയോ ചെയ്യുന്നില്ല. തൃശ്ശൂർ സീതാറാം ലേബർകോൺഗ്രസ്സിന്റെ പേരിൽ ഗുണ്ടകൾ നടത്തുന്ന അക്രമത്തെ പ്രജാമണ്ഡലത്തിലെ ഉത്തരവാദപ്പെട്ട രണ്ടു വ്യക്തികൾ ശ്രീ. പുഴങ്കര ശങ്കരമേനോനും, ശ്രീ. കെ. കരുണാകരനും ന്യായീകരിച്ചു നടക്കുന്നതും, "ദീനബന്ധു" പത്രം കമ്മ്യൂണിസ്റ്റക്രമത്തെക്കുറിച്ചുള്ള കള്ള റിപ്പോർട്ടുകൾക്കു വലിയ പ്രാധാന്യം കൊടുത്തു പ്രസിദ്ധപ്പെടുത്തുന്നതും അതിനെയാണു കുറിക്കുന്നതു്—ഈ ഭിന്നിപ്പ് അഖിലകൊച്ചി തോതിൽ മാത്രമല്ല, ഓരോ വ്യവസായത്തിലും തൊഴിലാളികളുടെ ശക്തിയെ ക്ഷീണിപ്പിക്കുന്നു. ടാററാ കമ്പനിയിലെ തൊഴിലാളികളുടെ ഏററവും വലിയ ബലഹീനത ഈ ഇടതു=വലതു=കമ്മ്യൂണിസ്റ്റ്=കത്തോലിക്ക ഭിന്നിപ്പാണു്. സീതാറാം തൊഴിലാളികളുടെ അഡ്ജൂഡിക്കേഷൻ വിധി ആമ്പല്ലൂർ വിധിയേക്കാളും തൊഴിലാളികൾക്കു മോശമായി ഉണ്ടാകാൻ കാരണം ലേബർ കോൺഗ്രസ്സിന്റെ പേരിൽനടത്തിയ ഭിന്നിപ്പാണു്

അതുകൊണ്ടു കൊച്ചിയിലെ തൊഴിലാളിവർഗ്ഗത്തിന്റെ മുമ്പിലുള്ള ഇന്നത്തെ അടിയന്തിര കടമ എല്ലാ ഭിന്നിപ്പുകളും അവസാനിപ്പിച്ചു അഖില കൊച്ചി അടിസ്ഥാനത്തിലും, ഓരോതരം വ്യവസായത്തിന്റെ അടിസ്ഥാനത്തിലും യോജിപ്പുണ്ടാക്കുക എന്നുള്ളതാണു്—കൊച്ചിയിലെ എല്ലാ വ്യവസായങ്ങളിലെയും മുതലാളിമാരും ഉദ്യോഗസ്ഥ മേധാവിത്വവും കൂട്ടുചേർന്നുകൊണ്ടു തൊഴിലാളിപ്രസ്ഥാനത്തിന്നെതിരായി ആരംഭിച്ചിട്ടുള്ള ആക്രമണത്തെ യോജിച്ചുകൊണ്ടു നേരിടുവാൻ സാധിക്കുകയാണെങ്കിൽ നമുക്കു തീർച്ചയായും വിജയിക്കാൻ കഴിയും. നമ്മുടെ നാടിനെത്തന്നെ രക്ഷിക്കാൻ കഴിയും. അതിനാൽ ഇന്നത്തെ ആപൽക്കരമായ നില ഓർത്തു വർഗ്ഗബോധമുള്ള ഓരോ തൊഴിലാളിയും ഈ യോജിപ്പു കെട്ടിപ്പടുക്കാൻ മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

---

(6-ാം പേജ് തുടർച്ച)

വുമാണെന്നു് ഒരു നോട്ടത്തിൽ ആർക്കും മനസ്സിലാക്കാം. വീട്ടിലിരിക്കുന്നതു് ഒരമ്മാവന്റെ മട്ടിലാണു്. എന്നുവച്ചാൽ സ്നേഹസമ്പന്നനായ ഒരു പിതാവിന്റെ മട്ടിലല്ലെന്നർത്ഥം. പൊതുവേ വീട്ടിലൊരമ്മാവനും നാട്ടിൽ ഒരു ശ്രേഷ്ഠനായ മാന്യനും കൂട്ടുകാരുടെയിടയിൽ ഒരു വിരസസരസനുമാണു്.

കമ്മ്യൂണിസ്റ്റുകാരോടു് അദ്ദേഹത്തിനു് അതിയായ അമർഷമാണുള്ളതു്. എന്നാൽ അവർക്കു വളരെ സ്നേഹവും. എൻ. ജി. ഓസ്= ആ പരിഷകളെ അദ്ദേഹത്തിനു കാണുവാൻ തന്നെ ഇഷ്ടമില്ല. അവർ അത്ര അല്പന്മാരും വികൃതികളുമാണു്. അനവസരത്തിൽക്കേറി സംഘടനയും ബഹളവും! വിഡ്ഢികൾ! തൊഴിലാളികൾ സംഘടിക്കുന്നതിൽ വലിയ വിരോധമില്ല. പക്ഷേ, പറഞ്ഞാൽ കേൾക്കണം=കുഴപ്പമുണ്ടാക്കരുതു്" "ഉദയഭാനു"വിന്റെ നേതൃത്വമാണവർക്കു നല്ലതു് കൃഷിക്കാരുടെ കാര്യമാണെങ്കിൽ കാൺഗ്രസ്സു നേരിട്ടു നോക്കിക്കൊള്ളും=പോരെങ്കിൽ ഞാൻ നോക്കിക്കൊള്ളും. അതുകൊണ്ടു് തൽക്കാലം ഒന്നും ചെയ്യരുതു് മിണ്ടരുതു്!

ചുരുക്കം നാട്ടിലൊന്നും വേണ്ട. എല്ലാം കാൺഗ്രസ്സു നോക്കിക്കൊള്ളും. അല്ലെങ്കിൽ "ഞാൻ" നേരിട്ടു നോക്കിക്കൊള്ളും ഇതു സത്യമാണു. അതിലാർക്കും അവിശ്വാസവും വേണ്ട!

"എങ്കിലും അങ്ങിനെ അല്ലല്ലോ സർറെ കഥകൾ നടക്കേണ്ടതു്" എന്നാണു നാട്ടുകാർ. എങ്കിൽ ഞാനില്ല എന്നാണു് താണുപിള്ള സാറു്.

ഏതാ വേണ്ടതു്?

# USE INDIAN NILGIRI KHONA TEA

## Oomersee Jevath Khona,

**Merchant & Commission Agent, Forwarding & Clearing Agent etc.**

Telephone No. 273. Tel. Address: "KHONATEA"

**MATTANCHERRY P. O.** **COCHIN S. India.**

*CHIEF AGENTS FOR:-*

## *KAISER-I-HIND INSURANCE CO. LTD.*

**5; Thambuchetty Street; MADRAS.**

TELEPHONE NO. 2586 POST BOX NO. 293 TELEGRAMS: "KAISERINSU"



# ശിവോദയം വൈദ്യശാല

ചിററൂർ റോഡ് എറണാകുളം

വൈദ്യൻ ടി. എ. എസ്സ്. നമ്പീശൻെറ

പ്രത്യേക മേൽനോട്ടത്തിൽ നടത്തുന്നതു്

## ചന്ദ്രോദയ മകരദ്ധ്വജം

ചുരുങ്ങിയതു് 7 ദിവസമെങ്കിലും സേവിച്ചു് ഫലം അനുഭവിച്ചറിയുക



Edited Printed and Published by M. R. Krishnanunni B. A.,
at The Commercial Printing Press, Ernakulam.